2023
MAY
29
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

# വിദേശ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ വർധന




**ന്യൂഡൽഹി:** മേയ് മാസത്തിൽ വിദേശ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ (ഫോറിൻ പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെന്റ്) വൻ വർധനവ്. ഇന്ത്യൻ വിപണിയിൽ ഓഹരികൾ മൂല്യം വീണ്ടെടുത്തത് എഫ്!പിഐകളെ ആകർഷിച്ചു. ഈ മാസം ഇതുവരെ 37,316 കോടി രൂപയാണ് വിപണിയിലേക്ക് നിക്ഷേപമായി എത്തിയത്.

കഴിഞ്ഞ 6 മാസത്തിനിടെ എഫ്!പിഐകളുടെ ഏറ്റവും ഉയർന്ന നിക്ഷേപമാണിത്. 2022 നവംബറിൽ 36,239 കോടിയുടെ നിക്ഷേപം നടന്നതാണ് ഇതിനു മുൻപത്തെ റെക്കോർഡ്. യുഎസിൽ കടമെടുപ്പു പരിധി ഉയർത്തുന്നതു സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമാകാത്തതാണ് ഫോറിൻ പോർട്ട്ഫോളിയോ ഇൻവെസ്റ്റേർസിനെ അമേരിക്കൻ വിപണിയിൽ നിന്നു ഇന്ത്യയിലേക്കെത്തിക്കുന്നത്. രാജ്യത്തെ മാക്രോ ഇക്കണോമിക് ഡാറ്റ മികച്ചതായതും എഫ്പിഐകളെ ആകർഷിച്ചു.

മേയ് 2 മുതൽ 26 വരെയാണ് 37,317 കോടിയുടെ നിക്ഷേപം വിപണിയിലുണ്ടായത്. ഏപ്രിലിൽ 11,630 കോടിയും മാർച്ച് മാസത്തിൽ വെറും 7,936 കോടിയുടെ നിക്ഷേപവുമാണ് മാർക്കറ്റിൽ വിദേശ സ്ഥാപനങ്ങൾ നടത്തിയത്. മാർച്ചിലെ കണക്കെടുത്താൽ അദാനി ഗ്രൂപ്പിലേക്ക് യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ജിക്യൂജി പാർട്ട്നേർസിൻറേതാണ് നിക്ഷേപത്തിന്റെ സിംഹഭാഗവും. ഏപ്രിൽ മേയ് മാസത്തിലായി 34,000 കോടിയാണ് മാർക്കറ്റിൽ നിന്നും എഫ്പിഐകൾ പിൻവലിച്ചത്. ഇത് തിരിച്ചു വിപണിയിലേക്കെത്തുന്നത് നേട്ടമാണ്.

വിപണിയിൽ നിക്ഷേപം വർധിച്ചതോടെ നിഫ്റ്റി 2.4 % വരെ നേട്ടമുണ്ടാക്കി. മേയ് മാസത്തിൽ മാത്രം ഡെറ്റ് മാർക്കറ്റിൽ എഫ്പിഐകളുടെ നിക്ഷേപം 1,432 കോടി രൂപയാണ്. ഇതോടെ പുതിയ സാമ്പത്തിക വർഷത്തിൽ രണ്ട് മാസത്തെ എഫ്പിഐകളുടെ നിക്ഷേപം 22,737 കോടി രൂപയിലെത്തി.



### 140 കോടി ഇന്ത്യക്കാരുടെ സ്വപ്നവും പ്രതീക്ഷയും

# പാർലമെന്റിന് പ്രൗഢ ഗംഭീര ഉദ്ഘാടനം

**ന്യൂഡൽഹി :** പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടന ചടങ്ങുകൾ രണ്ടു ഘട്ടമായി പൂർത്തിയായി. ഉച്ചയ്ക്ക്, പുതിയ മന്ദിരത്തിൽ ഉദ്ഘാടന സമ്മേളനത്തോടെയാണ് രണ്ടാം ഘട്ട ചടങ്ങുകൾ തുടങ്ങിയത്. സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ലോക്സഭാ സ്പീക്കർ ഓം ബിർളയും അഭിസംബോധന ചെയ്തു. പുതിയ പാർലമെന്റ് മന്ദിരം ഇന്ത്യയുടെ വികസനയാത്രയിലെ അനശ്വര മുഹൂർത്തമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇത് മന്ദിരം മാത്രമല്ല, 140 കോടി ഇന്ത്യക്കാരുടെ സ്വപ്നവും പ്രതീക്ഷയുമാണ്. സ്വാശ്രയ ഇന്ത്യയുടെ സൂര്യോദയത്തിന് ഈ മന്ദിരം സാക്ഷിയാകും മോദി കൂട്ടിച്ചേർത്തു.

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെയും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറിന്റെയും സന്ദേശം രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് വായിച്ചു കേൾപ്പിച്ചു. ഈ നിമിഷം സുവർണലിപികളാൽ എഴുതപ്പെടുമെന്ന് രാഷ്ട്രപതിയും, പുതിയ മന്ദിരം അടിമത്തമില്ലാത്ത മനസ്സിന്റെ അടയാളപ്പെടുത്തലെന്ന് ഉപരാഷ്ട്രപതിയും അഭിപ്രായപ്പെട്ടു. സമ്മേളനത്തിൽ പാർലമെന്റിനെക്കുറിച്ചുള്ള വിഡിയോ പ്രദർശിപ്പിച്ചു. 75 രൂപ നാണയവും സ്റ്റാംപും മോദി പ്രകാശനം ചെയ്തു.

പുതിയ പാർലമെന്റ് മന്ദിരം രാവിലെ മോദി രാജ്യത്തിനു സമർപ്പിച്ചിരുന്നു. രാവിലെ 7.30ഓടെ ഗാന്ധി പ്രതിമയ്ക്കു മുന്നിൽ പ്രധാനമന്ത്രി പുഷ്പാർച്ചന നടത്തിയതോടെയാണ് ഉദ്ഘാടനത്തിന്റെ ഒന്നാം ഘട്ട ചടങ്ങുകൾ ആരംഭിച്ചത്. പുതിയ മന്ദിരത്തിനു പുറത്ത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പുരോഹിതർ ഹോമം നടത്തി. പൂർണകുംഭം നൽകി പുരോഹിതർ പ്രധാനമന്ത്രിയെ സ്വീകരിച്ചു.

തിരുവാവടുത്തുറൈ പ്രതിനിധി ചെങ്കോൽ പ്രധാനമന്ത്രിക്ക് കൈമാറി. ലോക്സഭാ സ്പീക്കറുടെ ഇരിപ്പിടത്തിനു സമീപം മോദി ചെങ്കോൽ സ്ഥാപിച്ചു. ശേഷം ലോക്സഭയിൽ നിലവിളക്ക് തെളിച്ചു. ഉദ്ഘാടന ഫലകവും പ്രധാനമന്ത്രി അനാച്ഛാദനം ചെയ്തു. പാർലമെന്റ് ലോബിയിൽ സർവമത പ്രാർഥന നടന്നു.

## നിക്ഷേപത്തിലും വായ്പകളിലും റെക്കോർഡിട്ട് ബാങ്ക് ഓഫ് മഹാരാഷ്ട്ര

**മുംബൈ:** 2022, 23 സാമ്പത്തിക വർഷം മികച്ച പ്രകടനവുമായി ബാങ്ക് ഓഫ് മഹാരാഷ്ട്ര. പുണെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബാങ്കിൻറെ ഈ വർഷത്തെ ലാഭത്തിൽ 126% വളർച്ചയാണ് റിപ്പോർട്ട് ചെയ്തത്. അതായത് ലാഭം 2602 കോടി രൂപ.

വിപണിയിൽ ലിസ്റ്റുചെയ്ത 12 പൊതുമേഖലാ ബാങ്കുകളിലെ അറ്റാദായം കഴിഞ്ഞ സാമ്പത്തികവർഷം 57% വർധിച്ച് 1,04,649 കോടി രൂപയിലെത്തി. വായ്പകൾ നൽകിയതിൽ ബാങ്ക് ഓഫ് മഹാരാഷ്ട്രയാണ് മുന്നിൽ. വായ്പകൾ 29.4% ഉയർന്ന് 1,75,120 കോടി രൂപയിലെത്തി. വായ്പാവിതരണത്തിൽ ഇന്ത്യൻ ഓവർസീസ് ബാങ്ക് 21.2% , യൂകോ ബാങ്ക് 20.6% എന്നിവയ്ക്കാണ് രണ്ടും മൂന്നും സ്ഥാനങ്ങൾ.

ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ കഴിഞ്ഞ വർഷത്തെ നിക്ഷേപത്തിലും വർധനവുണ്ടായി. നിക്ഷേപം 13% ഉയർന്നു. ഇക്കാലയളവിൽ 10,47,375 കോടിയുടെ നിക്ഷേപമാണ് ബാങ്ക് ഓഫ് മഹാരാഷ്ട്ര സ്വീകരിച്ചത്. പഞ്ചാബ് നാഷനൽ ബാങ്ക് 11.26% (12,51,708 കോടി രൂപ)വുമായി പട്ടികയിൽ രണ്ടാം സ്ഥാനത്തുണ്ട്.

## സിമൻറ് കോൺക്രീറ്റ് റിസർച്ച് സെൻററുമായി എസിസി അംബുജ സിമൻറ്സ്

**മുംബൈ:** അദാനി ഗ്രൂപ്പിനു കീഴിലുള്ള എസിസിയും അംബുജ സിമൻറ്സും പുതിയ ഗവേഷണ കേന്ദ്രം ആരംഭിച്ചു. നവി മുംബൈയിലെ കലംബോളിയിലാണ് സിമൻറ് ആൻഡ് കോൺക്രീറ്റ് റിസർച്ച് ആൻഡ് ഡെവലപ്!മെൻറ് സെൻറർ. ഭാവിയിൽ സിമൻറ് വ്യവസായത്തെ മെച്ചപ്പെടുത്തുന്നതിനാകും മുൻതൂക്കം നൽകുകയെന്ന് കമ്പനി അറിയിച്ചു. പുതിയ സിമൻറ് ഉത്പന്നങ്ങളുടെ നിർമാണം ത്വരിതപ്പെടുത്തുന്നതോടൊപ്പം ഊർജ പ്രതിസന്ധി കുറച്ച് ഭാവിയിൽ സിമൻറ് വ്യവസായത്തെ മികവുറ്റതാക്കാനും ഗവേഷണവിഭാഗം സഹായിക്കും. മാറ്റങ്ങൾക്കു മുന്നോടിയായി വിപണിയിൽ സിമൻറ് വ്യവസായത്തിലെ ന്യൂനതകൾ പരിഹരിക്കാൻ പുതിയ ഗവേഷണ കേന്ദ്രം സഹായിക്കുമെന്ന് സിഇഒ അജയ് കപൂർ പറഞ്ഞു.






# കെഎസ്ആർടിസി കുറിയർ സർവീസ് ജൂൺ 15 മുതൽ

തിരുവനന്തപുരം: കെഎസ്ആർടിസി തുടങ്ങുന്ന കുറിയർ സർവീസ് ജൂൺ 15ന് ഉദ്ഘാടനം ചെയ്യും. എല്ലാ ഡിപ്പോയിലും അതിനു മുന്നോടിയായി ഫ്രണ്ട് ഓഫിസ് സംവിധാനം തുടങ്ങും. ഫ്രണ്ട് ഓഫിസിൽ യാത്രക്കാർക്കു വിവരങ്ങൾ നൽകുന്നതിനും കുറിയർ സേവനങ്ങൾക്കും കെഎസ്ആർടിസിയുടെ ബജറ്റ് ടൂറിസം ബുക്കിങ്ങിനും പ്രത്യേകം കൗണ്ടറുകൾ ഉണ്ടാകും. ഭിന്നശേഷിയുള്ളവർക്കും സമീപിക്കാവുന്ന തരത്തിലുള്ള ഓഫിസുകളാണു സജ്ജമാക്കുന്നത്.

ആദ്യഘട്ടത്തിൽ കുറിയർ അയയ്ക്കുന്നതിനും വാങ്ങുന്നതിനും ഓഫിസുകളിൽ നേരിട്ടു ചെല്ലണം. വീടുകളിലെത്തിച്ചു നൽകുന്ന പദ്ധതി രണ്ടാംഘട്ടത്തിൽ നടപ്പാക്കുന്നതിനാണ് ആലോചന. ബെംഗളൂരുവിലും ചെന്നൈയിലും കുറിയർ ഓഫിസുകൾ തുടങ്ങും. ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനാണു പദ്ധതി. ബസിലെ പരസ്യങ്ങളിൽ നിന്നുള്ള വരുമാനവും പമ്പിലെ വിറ്റുവരവും വാടകയും ഉൾപ്പെടെ ഇപ്പോൾ വിറ്റുവരവു മാസം 20 കോടി രൂപയാണ്. ഇതിൽ ലാഭം 3.5 കോടിയാണ്. 2 വർഷം കൊണ്ടു മാസം 100 കോടി രൂപ വീതം ടിക്കറ്റിതര വരുമാനം ലഭിക്കുന്ന പദ്ധതിയാണു കെഎസ്ആർടിസിയുടെ പുനഃക്രമീകരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

# കൊല്ലം തുറമുഖം: സുരക്ഷാ സംവിധാനം റെഡി




**കൊല്ലം:** എമിഗ്രേഷൻ ചെക്പോയിന്റിനായി ഇന്റർനാഷനൽ ഷിപ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി (ഐഎസ്പിഎസ്) കോഡ് പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്ന ജോലികൾ കൊല്ലം തുറമുഖത്ത് പൂർത്തീകരിച്ചു. തുറമുഖത്തിനു ചുറ്റും കമ്പിവേലികൾ സ്ഥാപിക്കുന്നതും അത്യാധുനിക സുരക്ഷ ക്യാമറകൾ സ്ഥാപിക്കുന്നതുമായ ജോലികളാണ് പൂർത്തീകരിച്ചത്.

സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയതായുള്ള സംസ്ഥാന തുറമുഖ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു അയയ്ക്കും. കേന്ദ്ര ഉദ്യോഗസ്ഥർ നടത്തിയ പരിശോധനകളിൽ തുറമുഖത്തിന്റെ സുരക്ഷ ക്രമീകരണങ്ങളിൽ തൃപ്തരാണെന്ന് മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ്.പിള്ള പറഞ്ഞു. സംസ്ഥാന പോർട്ട് സെക്രട്ടറി മുഖാന്തരം കേന്ദ്ര ആഭ്യന്തര, ഷിപ്പിങ് മന്ത്രാലയങ്ങൾക്ക് റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശാനുസരണം ഫോറിൻ റീജനൽ റജിസ്ട്രേഷൻ ഓഫിസ് (എഫ്ആർആർഒ) സംഘം തുറമുഖം സന്ദർശിച്ചു നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാകും എമിഗ്രേഷൻ ചെക്ക് പോയിന്റ് സംവിധാനം അനുവദിക്കുന്നത്.

വിദേശ കപ്പലുകൾക്ക് തുറമുഖത്ത് നങ്കൂരമിടുന്നതിനും ചരക്ക് നീക്കത്തിനും കപ്പലുകളിൽ എത്തുന്ന വിദേശ വിനോദ സഞ്ചാരികൾക്ക് തുറമുഖം ഉപയോഗിക്കുന്നതിനും ക്രൂ ചെയ്ഞ്ചിനും അടക്കമുള്ള കാര്യങ്ങൾക്ക് ചെക്ക് പോയിന്റ് സംവിധാനം ആവശ്യമാണ്.

രാജ്യാന്തര കപ്പൽ പാതയോട് ചേർന്നു നിൽക്കുന്നതും സ്വാഭാവികമായ ആഴമുള്ളതുമായ കൊല്ലം തുറമുഖത്തിന് എമിഗ്രേഷൻ ചെക്ക് പോയിന്റ് സംവിധാനം ലഭിക്കുന്നത് ജില്ലയുടെ വാണിജ്യ, വ്യവസായ, വിനോദ സഞ്ചാര മേഖലകളിൽ വലിയ മാറ്റങ്ങൾ കൊണ്ടു വരും.

# കെഎസ്ഡിപി ഓങ്കോളജി ഫാർമ പാർക്ക് നിർമാണോദ്ഘാടനം ഇന്ന്




**കലവൂർ:** പൊതുമേഖല സ്ഥാപനമായ കലവൂർ കെഎസ്ഡിപിയുടെ ഓങ്കോളജി ഫാർമ പാർക്കിന്റെ നിർമാണോദ്ഘാടനം 29ന് ഉച്ചയ്ക്ക് 12ന് മന്ത്രി പി.രാജീവ് നിർവഹിക്കും. പി.പി.ചിത്തരഞ്ജൻ എംഎൽഎ അധ്യക്ഷത വഹിക്കും. 2021 ഫെബ്രുവരി 22ന് മുഖ്യമന്ത്രി പിണറായി വിജയൻ ശിലാസ്ഥാപനം നിർവഹിച്ചെങ്കിലും നിർമാണ നടപടി ഇപ്പോഴാണ് പൂർത്തിയായത്. പദ്ധതിയുടെ വിശദമായ റിപ്പോർട്ടും തയാറായി. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 231 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് ചെയർമാൻ സി.ബി.ചന്ദ്രബാബു പറഞ്ഞു.

ദേശീയപാതയിൽ കെഎസ്ഡിപിയുടെ ഫാക്ടറിക്ക് തെക്ക് ജില്ലാ സഹകരണ ബാങ്ക് ജപ്തി ചെയ്തിരുന്ന സഹകരണ ആശുപത്രിയുടെ 6.5 ഏക്കർ സ്ഥലത്താണ് ഓങ്കോളജി പാർക്ക് സ്ഥാപിക്കുന്നത്. കെഎസ്ഡിപിയോടൊപ്പം സമാനമായ മറ്റു കമ്പനികൾക്കും ഇവിടെ മരുന്ന് നിർമാണത്തിന് അവസരം ലഭിക്കും. പദ്ധതിക്ക് ആവശ്യമായ പണം കിഫ്ബിയിൽ നിന്നാണ് അനുവദിച്ചത്. പ്രൊഡക്ഷൻ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ലാബും ആദ്യഘട്ടത്തിൽ നിർമിക്കും. പേറ്റന്റ് കാലാവധി കഴിഞ്ഞ ഫലപ്രദമായ മരുന്നുകൾ കെഎസ്ഡിപി ഇവിടെ ഉൽപാദിപ്പിച്ച് കാൻസർ രോഗികൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യം. നിലവിലെ തീരുമാനപ്രകാരം 2026 മാർച്ചിനുള്ളിൽ ഓങ്കോളജി ഫാർമ പാർക്ക് യാഥാർഥ്യമാക്കാനാണ് ശ്രമം.

കാൻസർ ചികിത്സാരംഗത്തെ വിദഗ്ധ ഡോക്ടർമാരുടെ ശിൽപശാല സംഘടിപ്പിച്ചാണ് മരുന്നുകളുടെ ഉൽപാദനത്തിന്റെ മുൻഗണനാക്രമം നിശ്ചയിച്ച് ഉൽപാദനം ആരംഭിക്കുക.

തിങ്കളാഴ്ച നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ എ.എം.ആരിഫ് എംപി ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുക്കുമെന്ന് എംഡി ഇ.എ. സുബ്രഹ്മണ്യൻ പറഞ്ഞു.



# ഷോപ്പിങ് കോംപ്ലക്സ് കെട്ടിടം പൊളിക്കാൻ തിരുനക്കര സ്റ്റാൻഡ് പൂട്ടുന്നു

**കോട്ടയം** : തിരുനക്കര ബസ് സ്റ്റാൻഡും ടാക്സി സ്റ്റാൻഡും താൽക്കാലികമായി പൂട്ടുന്നു. ജൂൺ ഒന്നു മുതൽ നിലവിലുള്ള സ്റ്റാൻഡ് വഴി ബസുകൾ കടത്തി വിടില്ല. സ്റ്റാൻഡിനോടു ചേർന്നുള്ള ടാക്സി സ്റ്റാൻഡും അന്നു മുതൽ ഇവിടെ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്നു നഗരസഭ അധികൃതർ അറിയിച്ചു.

തിരുനക്കര ബസ് സ്റ്റാൻഡ് ഷോപ്പിങ് കോംപ്ലക്സ് കെട്ടിടം പൊളിച്ചു നീക്കുന്നതിനു മുന്നോടിയായിട്ടാണ് നടപടി. കെട്ടിട സമുച്ചയത്തിനു ബലക്ഷയമുണ്ടെന്ന നഗരസഭയുടെ റിപ്പോർട്ട് പ്രകാരം ഇതു പൊളിച്ചു നീക്കണമെന്നു ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ട്.

കോടതി ഉത്തരവ് പ്രകാരം കെട്ടിടത്തിലെ മുഴുവൻ വ്യാപാരികളെയും മാസങ്ങൾക്കു മുൻപു ഒഴിപ്പിച്ചിരുന്നു. എന്നാൽ വ്യാപാരികളുടെ പുനരധിവാസ പാക്കേജിൽ നഗരസഭ ഇതുവരെയും ക്രിയാത്മകമായ തീരുമാനമെടുത്തിട്ടില്ല. അതിനാൽ കെട്ടിടത്തിൽ നിന്നു ഒഴിവാക്കപ്പെട്ട വ്യാപാരികൾ അടച്ച കടകളുടെ ഷട്ടറുകൾക്കു മുന്നിൽ കച്ചവടം തുടർന്നു വരികയായിരുന്നു.

വ്യാപാരികൾക്കു പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുന്നതു സംബന്ധിച്ച് കൗൺസിൽ യോഗത്തിൽ പലതവണ ചർച്ച നടന്നെങ്കിലും തീരുമാനമായില്ല. ഹൈക്കോടതി ഉത്തരവിന്റെ മറവിൽ വ്യാപാരികളെ ഒഴിപ്പിച്ചശേഷവും ബസ് സ്റ്റാൻഡ് നിലനിർത്തിയത് നഗരസഭയുടെ ഇരട്ടത്താപ്പാണെന്നും ആരോപണം ഉയർന്നിരുന്നു. ദിവസവും നൂറുകണക്കിനു യാത്രക്കാരാണ് ഇതു വഴി കടന്നു പോകുന്നത്.



# സഹകരണ മേഖല: വിശ്വാസ്യത സംരക്ഷിക്കാൻ നിയമഭേദഗതി വരുമെന്ന് മന്ത്രി വാസവൻ

**നെടുങ്കണ്ടം:** സഹകരണ മേഖലയിലെ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഈ മേഖലയുടെ വിശ്വാസ്യത തകർക്കുന്നതായും ഇതിനെതിരെ സമഗ്ര നിയമ ഭേദഗതി കൊണ്ടുവരുമെന്നും മന്ത്രി വി.എൻ.വാസവൻ. കേരള ബാങ്ക് നടപ്പിലാക്കുന്ന പുനരുദ്ധാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് നെടുങ്കണ്ടത്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ദുർബലമായ സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുകയും ഇത്തരം സംഘങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുമാണ് പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ പൈലറ്റ് പ്രൊജക്ട് എന്ന നിലയിൽ ജില്ലയിൽ നിന്നും 20 സംഘങ്ങളെ തിരഞ്ഞെടുക്കുകയും ഇതിൽ 15 സംഘങ്ങൾക്ക് 81.50 കോടി രൂപ പലിശരഹിത വായ്പയായി നൽകുകയും ചെയ്യും.ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനമാണ് നെടുങ്കണ്ടത്ത് നടന്നത്.

നെടുങ്കണ്ടം പഞ്ചായത്ത് പ്രസിഡന്റ് ലേഖാ ത്യാഗരാജൻ അധ്യക്ഷത വഹിച്ചു. കേരള ബാങ്ക് ഡയറക്ടർ കെ.വി.ശശി, സിഇഒ പി.എസ്. രാജൻ, പി.എൻ.വിജയൻ, ജോസ് പാലത്തിനാൽ, കെ.ദീപക്, കെ.ആർ. സോദരൻ, റെയ്നു, കെ.സി.സഹദേവൻ, ബി.പി.പിള്ള, എം.ആർ.രാജേഷ്, ലതാ പിള്ള, എം.എൻ.ഗോപി, ടി.എം.ജോൺ എന്നിവർ പ്രസംഗിച്ചു.

# ഇടുക്കി ജില്ലയിൽ കെ ഫോൺ പദ്ധതി പൂർത്തീകരണത്തിലേക്ക്

**രാജകുമാരി:** ജില്ലയിൽ കെ ഫോൺ പദ്ധതി പൂർത്തീകരണത്തിലേക്ക്. ഇതുവരെ ആയിരത്തോളം സർക്കാർ ഓഫിസുകളിൽ കെ ഫോൺ സൗജന്യ ഇന്റർനെറ്റ് ലഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ കണക്ഷൻ ലഭിക്കുകയോ ചെയ്തു. ജൂൺ 5നു കെ ഫോൺ പദ്ധതിയുടെ ഉദ്ഘാടനം നടക്കും, സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ! ഉൾപ്പെടെയാണ് ഇത്രയും കണക്ഷനുകൾ നൽകിയത്.

ഇതിനായി 1200 കിലോമീറ്ററോളം കേബിളുകൾ സ്ഥാപിച്ചെന്നും വിട്ടു പോയ ഓഫിസുകളിൽ കൂടി കണക്ഷൻ നൽകാനുള്ള നടപടികളിലേക്ക് കടന്നതായും അധികൃതർ വ്യക്തമാക്കി. സംസ്ഥാനത്താകെ പതിനെണ്ണായിരത്തോളം സർക്കാർ ഓഫിസുകളിൽ കണക്ഷൻ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ ഓഫിസുകൾ കൂടാതെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയാണ് കെ ഫോൺ പദ്ധതിയുടെ ലക്ഷ്യം. ജില്ലയിൽ ഇതു വരെ 573 ബിപിഎൽ കുടുംബങ്ങൾക്കാണ് കെ ഫോൺ ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കിയത്. സ്വകാര്യ കേബിൾനെറ്റ്വർക്ക് വിതരണ ശൃംഖലയ്ക്കാണ് കെ ഫോൺ കണക്ഷനുകൾ നൽകാനുള്ള ചുമതലയുള്ളത്.

# മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ

ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലുണ്ടായ തീപിടുത്തത്തെ തുടർന്ന് ഹൈക്കോടതിയിൽ സർക്കാർ സമർപ്പിച്ച ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാനിലെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ജൂൺ 5 ന് സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന ഹരിത സഭകളോടെ പൂർത്തിയാവും. ഹരിത സഭകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കുകയും കിലയുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പരിശീലനം പൂർത്തിയാക്കുകയും ചെയ്തു.

വിവിധ സർക്കാർ ഏജൻസികളുടെ ഏകോപനത്തിൽ യുദ്ധകാലാടിസ്ഥാനത്തിലാണ് കാര്യങ്ങൾ നടപ്പാക്കുന്നത്. ജൂൺ 5 നു മുൻപായി പൊതു ഇടങ്ങളിൽ മാലിന്യക്കൂനകൾ ഇല്ലാത്ത സംസ്ഥാനമായി മാറുക എന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ആണ് പുരോഗമിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് ഇതിനായി തയാറാക്കിയ പോർട്ടലിൽ പൊതുജനങ്ങൾക്ക് പൊതു ഇടങ്ങളിലെ മാലിന്യ കൂനകളുടെ ഫോട്ടോകൾ അപ്‌ലോഡ് ചെയ്യാം.

# ഇടുക്കി മെഡിക്കൽ കോളജ് രണ്ടാം ഘട്ട വികസനത്തിന് മാസ്റ്റർ പ്ലാൻ



**ചെറുതോണി:** ഇടുക്കി മെഡിക്കൽ കോളജ് രണ്ടാം ഘട്ട വികസനത്തിനായി മാസ്റ്റർ പ്ലാൻ തയാറാക്കാൻ ആരോഗ്യ വകുപ്പു മന്ത്രി വീണാ ജോർജ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. മെഡിക്കൽ കോളജിൽ രണ്ടാം വർഷ വിദ്യാർഥികളെ പ്രവേശിപ്പിക്കുന്നതിനു മുന്നോടിയായി നടത്തിയ ആശുപത്രി വികസന സമിതി യോഗത്തിൽ ഓൺലൈനായി പങ്കെടുക്കുകയായിരുന്നു മന്ത്രി. ജില്ലാ പഞ്ചായത്തിൽ നിന്നു ലഭിച്ച 50 ഏക്കർ സ്ഥലം മതിൽ കെട്ടി തിരിക്കാനും പുതിയ റോഡുകൾ നിർമിക്കാനുമാണ് പുതിയ മാസ്റ്റർ പ്ലാൻ തയാറാക്കുന്നത്.

നിലവിൽ 100 കുട്ടികൾ പഠിക്കുന്ന മെഡിക്കൽ കോളജിൽ അടുത്ത ഓഗസ്റ്റിൽ പുതിയ ബാച്ചിൽ പ്രവേശനം നേടുന്ന 100 കുട്ടികൾ കൂടി എത്തുമ്പോൾ ആവശ്യമായി വരുന്ന കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതിയ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മന്ത്രി നിർദേശം നൽകി. നിർമാണം പൂർത്തിയായ ഹോസ്റ്റലിൽ പെൺകുട്ടികളെ പ്രവേശിപ്പിക്കും.

ഓഗസ്റ്റിൽ പുതുതായി വരുന്ന കുട്ടികൾക്ക് ഇപ്പോൾ ഒന്നാം വർഷക്കാർ ഉപയോഗിക്കുന്ന ഹോസ്റ്റലുകൾ നൽകുന്നതിനും യോഗത്തിൽ തീരുമാനിച്ചു. നിലവിൽ ആശുപത്രിയിൽ കുറവുള്ള അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പ്രിൻസിപ്പലിനോടും സൂപ്രണ്ടിനോടും മന്ത്രി ചോദിച്ചറിഞ്ഞു. കുറവുള്ള ജീവനക്കാരെയും ഉടൻ നിയമിക്കുമെന്നും മന്ത്രി പറഞ്ഞു. പുതിയ അക്കാദമിക് ബ്ലോക്കിന്റെ രണ്ടാംഘട്ട നിർമാണം ഉടൻ ആരംഭിക്കും. എന്നാൽ നിർമാണ ഏജൻസിയായ കിറ്റ്കോ കരാർ വ്യവസ്ഥ പ്രകാരം സമയബന്ധിതമായി പണികൾ പൂർത്തിയാക്കി നൽകാത്തതിനാൽ മന്ത്രി വിശദീകരണം ആവശ്യപ്പെട്ടു. 2013ൽ കിറ്റ്കോ ആരംഭിച്ച നിർമാണ ജോലികൾ 10 വർഷം പിന്നിട്ടിട്ടും പൂർത്തിയാകാത്തത് വീഴ്ചയാണെന്നു മന്ത്രി കുറ്റപ്പെടുത്തി. കിറ്റ്കോയുടെ കാലാവധി കഴിഞ്ഞതിനാൽ ഇനി അവർക്ക് കരാർ പുതുക്കി കൊടുക്കേണ്ടതില്ലെന്നും ഇനിയുള്ള നിർമാണങ്ങൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപിക്കാനും യോഗത്തിൽ തീരുമാനമായി.

കൾ അനുവദിക്കുമെന്ന് മന്ത്രി വീണാ ജോർജ്. ഇതിനുള്ള സൗകര്യം ഉണ്ടോ എന്ന് ആരാഞ്ഞ മന്ത്രിയോട് മെഡിക്കൽ കോളജിൽ ആദ്യ ഘട്ടത്തിൽ പണിത അക്കാദമിക് ബ്ലോക്ക് ഇതിനായി ഉപയോഗിക്കാമെന്ന് അധികൃതർ അറിയിച്ചു.

മന്ത്രി ഉറപ്പു നൽകിയതോടെ വരുന്ന അക്കാദമിക് വർഷം മുതൽ ഇവിടെ നഴ്സിങ് കോളജിന്റെ പ്രവർത്തനവും ആരംഭിക്കാമെന്ന പ്രതീക്ഷയിലാണ് അധികൃതർ. മെഡിക്കൽ കോളജിൽ നഴ്സിങ് കോളജ് ആരംഭിക്കുമെന്ന് മുൻ സർക്കാരിന്റെ കാലം മുതൽ വകുപ്പ് മന്ത്രിമാർ പറഞ്ഞിരുന്നതാണ്.

ഒടുവിൽ കോളജിന്റെ ആദ്യബാച്ചിന്റെ പ്രവേശന ചടങ്ങിനോടനുബന്ധിച്ച് മന്ത്രി വീണാ ജോർജും ഇക്കാര്യം ആവർത്തിച്ചിരുന്നു.

# മൂന്നാറിൽ 1000 രൂപയുടെ മുറികൾക്ക് 10,000 വരെ വാടക; കൊള്ള വാടകയ്ക്കെതിരെ നടപടിക്കൊരുങ്ങി അധികൃതർ



മൂന്നാർ: അമിത മുറി വാടക, മോശപ്പെട്ട ആഹാരം വിളമ്പുന്ന ഹോട്ടലുകൾ എന്നിവയ്ക്കെതിരെ നടപടിക്കൊരുങ്ങി പൊലീസും പഞ്ചായത്തും. പരിശോധനകളും നടപടികളുമെടുക്കുന്നതിനു മുന്നോടിയായി മേഖലയിലെ ഹോട്ടൽ, റിസോർട്ട്, ഹോം സ്റ്റേ, ലോഡ്ജ് ഉടമകളുടെ യോഗം തിങ്കളാഴ്ച വിളിച്ചു ചേർക്കും.

പഞ്ചായത്ത് ഹാളിൽ നടക്കുന്ന യോഗത്തിൽ മുറിവാടക നിരക്ക് പ്രദർശിപ്പിക്കാത്തതും മോശം ഭക്ഷണം വിളമ്പുന്നതും മലിനജലവും മറ്റും പുഴയിലേക്ക് ഒഴുക്കുന്നതും സംബന്ധിച്ച് ബോധവൽക്കരണം നടത്തും. നിശ്ചിത സമയപരിധിക്കുള്ളിൽ മുറി വാടക നിരക്കു പ്രദർശിപ്പിക്കാത്ത സ്ഥാപനങ്ങൾ, പുഴയിലേക്ക് മലിനജലവും മറ്റും ഒഴുക്കുന്നതും മോശം സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ, മോശം ഭക്ഷണം വിളമ്പുന്ന ഹോട്ടലുകൾ എന്നിവയുടെ പ്രവർത്തനാനുമതിപത്രം റദ്ദു ചെയ്യുന്ന നടപടികളുമായി മുന്നോട്ടു പോകുമെന്നു പഞ്ചായത്ത് സെക്രട്ടറി കെ.എൻ.സഹജൻ പറഞ്ഞു.

മധ്യവേനലവധി ആരംഭിച്ച ശേഷം മൂന്നാറിൽ സഞ്ചാരികളുടെ തിരക്കു വർധിച്ചതിനെത്തുടർന്ന് 1000 രൂപയുടെ മുറികൾക്ക് 8000 മുതൽ 10,000 രൂപ വരെ ഈടാക്കി സന്ദർശകരെ പറ്റിക്കുന്നത് സംബന്ധിച്ച വാർത്ത മനോരമയാണു പുറത്തു കൊണ്ടുവന്നത്. മനോരമ വാർത്തയെ തുടർന്നാണ് സംഭവത്തിൽ ഡിവൈഎസ്പി അലക്സ് ബേബി, എസ്എച്ച്ഒ രാജൻ കെ.അരമന എന്നിവർ പഞ്ചായത്ത് സെക്രട്ടറിയുമായി ബന്ധപ്പെട്ടു യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചത്. ഒരാഴ്ച മുൻപ് ഇക്കാനഗറിലെ ഹോട്ടലിൽ നിന്നു ഭക്ഷണം കഴിച്ച കണ്ണൂർ സ്വദേശികളായ 9 പേർ ഭക്ഷ്യവിഷബാധയേറ്റു ചികിത്സ തേടിയിരുന്നു

## അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആർഡ് എംപ്ലോയ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന കിലെ ഐ.എ.എസ് അക്കാദമിയിലേക്ക് അടുത്ത ബാച്ച് സിവിൽ സർവീസ് പ്രിലിമിനറി, മെയിൻ പരീക്ഷയുടെ പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗങ്ങൾ ആയിട്ടുള്ളവരുടെ മക്കൾക്കും ആശ്രിതർക്കും പരിശീലനത്തിൽ പങ്കെടുക്കാം. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. പത്ത് മാസമാണ് കോഴ്സിന്റെ കാലാവധി. ജൂൺ രണ്ടാമത്തെ ആഴ്ചയിൽ ക്ലാസ് ആരംഭിക്കും. താത്പര്യമുള്ള തൊഴിലാളികളുടെ ആശ്രിതർ ക്ഷേമനിധി ഓഫീസുകളിൽ നിന്ന് വാങ്ങിയ ആശ്രിതത്വ സർട്ടിഫിക്കറ്റോടുകൂടെ അപേക്ഷിക്കണം.കൂടുതൽ വിവരങ്ങളും അപേക്ഷ സമർപ്പിക്കേണ്ട ലിങ്കും kile.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഫോൺ :7907099629, 0471 2479966, 0471 2309012.

## അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** കെൽട്രോണിന്റെ കോട്ടയം സെന്ററിൽ നൂതന സാങ്കേതിക വിദ്യയിൽ ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകളായ ആനിമേഷൻ ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിംഗ്, ഹാർഡ്വേർ നെറ്റ് വർക്ക് മെയിന്റനൻസ് , പി.ജി.ഡി.സി.എ, ലോജിസ്റ്റിക് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, പ്രീ സ്കൂൾ ടീച്ചർ ട്രെയിനിങ്ങ്, മോണ്ടിസോറി ടീച്ചർ ട്രെയിനിങ്ങ്, ഫയർ ആൻഡ് സേഫ്റ്റി എന്നിവയിൽ ക്ലാസ്സുകൾ ആരംഭിക്കുന്നു. എസ്.എസ്.എൻ.സി,പ്ലസ് ടു, ഐ.ടി. എ, ഡിപ്ലോമ, ബി.ടെക് എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

ഫോൺ: 9605404811, 9747243668

## ക്വട്ടേഷൻ

**കോട്ടയം :** കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ റിഏജന്റ് റെഡ് സെൽ ആന്റിബോഡി സ്ക്രീനിംഗ് പാനൽ, റിഏജന്റ് റെഡ് സെൽ ആന്റിബോഡി ഐഡന്റിഫിക്കേഷൻ പാനൽ എന്നിവ വിതരണം ചെയ്യാൻ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതി ജൂൺ 9 ന് ഉച്ചയ്ക്ക് 12 മണി വരെ. അന്നേദിവസം ഉച്ചകഴിഞ്ഞ് രണ്ടു മണിക്കു ക്വട്ടേഷൻ തുറക്കും.

ഫോൺ:0481 2597279, 0481 2597284.

## തൊഴിൽ പരിശീലനം

**ബൈസൺവാലി:** തൊഴിൽ അന്വേഷകർക്ക് വിജ്ഞാനതൊഴിൽ രംഗത്ത് അവസരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരള നോളജ് ഇക്കോണമി മിഷൻ ബൈസൺവാലി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച പ്രത്യേക പദ്ധതിയിൽ തൊഴിൽ പരിശീലനം തുടരുന്നു. ഉദ്യോഗാർഥികളുടെ ആശയവിനിമയ ശേഷി മെച്ചപ്പെടുത്തുന്നതിനും തൊഴിൽ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും സഹായകമാകുന്ന രീതിയിലാണ് പരിശീലനങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്. നാലാമത്തെ ബാച്ചിന്റെ പരിശീലനം മെയ് 29ന് ആരംഭിക്കും.

നോളജ് ഇക്കോണമി മിഷൻ കുടുംബശ്രീയും അസാപ്പുമായി സഹകരിച്ചാണ് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നത്. പരിശീലനം പൂർത്തിയാക്കിയ തൊഴിലന്വേഷകർക്കായിരിക്കും തൊഴിൽ മേളയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.



# വേനൽ മഴയിൽ കർഷകർക്ക് 31.74 കോടി രൂപയുടെ നാശനഷ്ടം

**കൽപറ്റ :** വേനൽമഴയിൽ ജില്ലയിൽ 31.74 കോടി രൂപയുടെ നാശനഷ്ടം. ഏപ്രിൽ 1 മുതൽ മേയ് 24 വരെയുള്ള കണക്കുപ്രകാരം ജില്ലയിലെ 6,249 കർഷകർക്കാണു വേനൽ മഴയിൽ കൃഷി നശിച്ചത്. ആകെ 52,009.64 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചെന്നാണു കൃഷിവകുപ്പിന്റെ കണക്ക്. വേനൽക്കാലത്തെ കടുത്ത ചൂടിൽ കരിഞ്ഞുപോയ കൃഷിയും ഇതിലുൾപ്പെടുന്നു. വാഴക്കർഷകർക്കാണ് അതിഭീകര നഷ്ടമുണ്ടായത്. കൃഷി നശിച്ച 6,249 കർഷകരിൽ 5,973 പേരും വാഴക്കൃഷിക്കാരാണ്. വയനാട്ടിൽ 52,000 ഹെക്ടർ സ്ഥലത്തെ വാഴക്കൃഷി വേനൽക്കാലത്തു നശിച്ചു. 4,53,695 കുലച്ച വാഴകളും 1,09,525 കുലയ്ക്കാത്ത വാഴകളും നിലംപൊത്തി. 31.6 കോടി രൂപയുടെ നഷ്ടം. കർഷകരെ ഏറെ കഷ്ടപ്പെടുത്തിയ വേനൽക്കാലമാണ് ഇക്കുറി.

കടുത്ത ചൂടിലും വരൾച്ചയിലും ജലസേചനം നടത്താനാകാതെയും ഒട്ടേറെപ്പേരുടെ കൃഷി നശിച്ചുപോയി. ഇടയ്ക്കെത്തിയ ശക്തമായ മഴയിലും കാറ്റിലും ഏക്കർ കണക്കിനു കൃഷി നശിച്ചു. ഇടവിട്ട ദിവസങ്ങളിൽ പരമാവധി ഒന്നര മണിക്കൂർ വരെ മാത്രം നിന്നു പെയ്യുന്ന കനത്ത മഴയിൽ വൻ തോതിലാണു വാഴ, പച്ചക്കറി കൃഷി നശിച്ചത്. ആഴ്ചകൾ തുടർച്ചയായി ഇടവിട്ടു പെയ്യുന്ന വേനൽമഴയ്ക്കു പകരം വല്ലപ്പോഴുമെത്തി മണിക്കൂറുകൾ മാത്രം നീണ്ടുനിൽക്കുന്ന അതിശക്തമായ മഴപ്പെയ്ത്ത് കൃഷിക്കു ഗുണത്തേക്കാളേറെ ദോഷമാണ്. വേനൽച്ചൂടിനും കുറവുണ്ടാകുന്നില്ല.

കഴിഞ്ഞവർഷം ഏതാണ്ട് ഇതേ കാലയളവിൽ 40.32 കോടി രൂപയുടെ കൃഷിനാശമാണു വേനൽമഴയിൽ ഉണ്ടായത്. ഇപ്പോഴത്തെ സ്ഥിതിയിൽ ശക്തമായ വേനൽമഴ ഇനിയും നീണ്ടുനിന്നാൽ നഷ്ടത്തിന്റെ വ്യാപ്തി ഉയരും.

ശക്തി കുറഞ്ഞ് ഇടയ്ക്കിടെ പെയ്യുന്ന മഴയാണു വേനൽക്കാലത്ത് കൃഷിക്ക് അനുയോജ്യം. എന്നാൽ, കഴിഞ്ഞ കുറച്ചുനാളുകളായി ജില്ലയിൽ വേനൽക്കാലത്ത് പൊതുവേ മഴ കുറയുകയും വല്ലപ്പോഴും മഴ കിട്ടുന്ന ദിവസങ്ങളിൽ വൻ നാശമുണ്ടാക്കി കൊടുങ്കാറ്റിനൊപ്പം ആർത്തലച്ചു പെയ്യുകയുമാണ്.

## എസ്.എം.എ. രോഗികൾക്ക് സ്പൈൻ സർജറി ആരംഭിച്ചു

**തിരുവനന്തപുരം:** സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.) ബാധിച്ച കുട്ടികളിൽ ഉണ്ടാകുന്ന നട്ടെല്ലിലെ വളവ് പരിഹരിക്കുന്ന അതിനൂതനമായ ശസ്ത്രക്രിയ സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ആരംഭിച്ചു. എസ്.എം.എ. ബാധിച്ച കുട്ടികൾക്ക് സ്പൈൻ സ്കോളിയോസിസ് സർജറിയ്ക്കായി വേണ്ട സംവിധാനമൊരുക്കാൻ ആരോഗ്യ മന്ത്രി വീണാ ജോർജ് ഇക്കഴിഞ്ഞ ജനുവരിയിൽ യോഗം വിളിച്ചു ചേർത്തിരുന്നു. ഇതിനെത്തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളജ് ഓർത്തോപീഡിക് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് സ്പൈൻ സ്കോളിയോസിസ് സർജറി നടത്തിയത്. സ്വകാര്യ ആശുപത്രികളിൽ 15 ലക്ഷത്തോളം രൂപ ചെലവുവരുന്ന സർജറിയാണ് മെഡിക്കൽ കോളജിൽ സർക്കാർ പദ്ധതിയിലൂടെ സൗജന്യമായി ചെയ്തത്. സർജറിയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും മന്ത്രി അഭിനന്ദിച്ചു.

എസ്.എം.എ. ബാധിച്ച് കഴിഞ്ഞ 11 വർഷമായി വീൽച്ചെയറിൽ കഴിയുന്ന കോഴിക്കോട് സ്വദേശിനി പതിനാല് വയസുകാരിയാണ് വ്യാഴാഴ്ച ശസ്ത്രക്രിയയ്ക്ക് വിധേയയായത്. എട്ടുമണിക്കൂർ നീണ്ടുനിന്ന സങ്കീർണമായ ശസ്ത്രക്രിയയിൽ നട്ടെല്ലിലെ കശേരുക്കളിൽ ടൈറ്റാനിയം നിർമിത റോഡുകളുൾപ്പെടെയുള്ളവ ഘടിപ്പിച്ച് നട്ടെല്ലിലെ വളവ് നേരെയാക്കി. പെൺകുട്ടി സുഖം പ്രാപിച്ചു വരുന്നു. ഓർത്തോപീഡിക്സ് വിഭാഗത്തിലേയും അനസ്തേഷ്യ വിഭാഗത്തിലേയും നഴ്സിംഗ് വിഭാഗത്തിലേയും പ്രത്യേക പരിശീലനം ലഭിച്ചവരാണ് ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയത്. എസ്.എം.എ. ബാധിച്ച കുട്ടികൾക്ക് സ്വകാര്യ ആശുപത്രിയിൽ മാത്രം ചെയ്തിരുന്ന സർജറിയാണ് മെഡിക്കൽ കോളജിലും യാഥാർത്ഥ്യമാക്കിയത്.

# ഹമ്പൻതോട്ട ചൈനയുടെ തുറമുഖമല്ല: ശ്രീലങ്കൻ നാവികസേനാ മേധാവി

**ഏഴിമല:** ഇന്ത്യൻ മഹാസമുദ്രത്തിലൂടെയുള്ള ലഹരിക്കടത്തു തടയാൻ ഇന്ത്യൻ നാവികസേനയുമായും കോസ്റ്റ് ഗാർഡുമായും യോജിച്ച നീക്കം നടത്തുന്നതായി ശ്രീലങ്കൻ നാവികസേനാ മേധാവി വൈസ് അഡ്മിറൽ പ്രിയന്ത പെരേര. നാവിക അക്കാദമിയിൽ പാസിങ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം മാധ്യമങ്ങളോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

ശ്രീലങ്കൻ നാവികസേന ഈയിടെ 600 കിലോഗ്രാം ലഹരിമരുന്നു പിടിച്ചെടുത്തിരുന്നു. ലഭിക്കുന്ന വിവരങ്ങൾ ഇന്ത്യൻ നാവികസേനയുമായും കോസ്റ്റ്ഗാർഡുമായും പങ്കിടാറുമുണ്ട്. ചില മത്സ്യത്തൊഴിലാളികൾ അറിഞ്ഞോ അറിയാതെയോ ഇതിൽ പെടാറുണ്ട്. മത്സ്യത്തൊഴിലാളികൾ വഴി തന്നെ, ലഹരിക്കടത്തിന്റെ വിവരശേഖരണത്തിനു ശ്രമം നടക്കുന്നുണ്ട്.

ഹമ്പൻതോട്ട തുറമുഖം വ്യാപാരാവശ്യത്തിനു വേണ്ടിയുള്ളതാണ്. തുറമുഖ വകുപ്പും സ്വകാര്യ കമ്പനികളും തമ്മിലുള്ള വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിലാണു തുറമുഖം പ്രവർത്തിക്കുന്നത്. ചൈനയുടെ തുറമുഖമാണെന്ന തരത്തിൽ വ്യാപകമായ തെറ്റിദ്ധാരണ പരത്തുകയാണ് അദ്ദേഹം പറഞ്ഞു.

വന്യജീവികളുടെ കള്ളക്കടത്ത്, മനുഷ്യക്കടത്ത്, ലഹരിക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള നീക്കത്തിലും വിവര ശേഖരണത്തിലും ശ്രീലങ്കൻ നാവികസേനയുടെ സഹായം നിർണായകമാണെന്ന് ദക്ഷിണ നാവിക കമാൻഡ് മേധാവി വൈസ് അഡ്മിറൽ എം.എ.ഹംപിഹോളി പറ!ഞ്ഞു.

നാവിക അക്കാദമിയിലെ 207 കെഡറ്റുകളുടെ പാസിങ് ഔട്ട് പരേഡിൽ ശ്രീലങ്ക നാവികസേനാ മേധാവി വൈസ് അഡ്മിറൽ പ്രിയന്ത പെരേര അഭിവാദ്യം സ്വീകരിച്ചു. ശ്രീലങ്ക, ബംഗ്ലദേശ്, വിയറ്റ്നാം, മഡഗാസ്കർ, മൊറീഷ്യസ്, മാലദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ള 8 കെഡറ്റുകളടക്കമാണിത്. വിവിധ വിഭാഗങ്ങളിൽ മികച്ച പ്രകടനം നടത്തിയ കെഡറ്റുകൾക്ക് വൈസ് അഡ്മിറൽ പ്രിയന്ത പെരേര സമ്മാനം വിതരണം ചെയ്തു.

ശ്രീലങ്ക നേവി സേവാ വനിതയുടെ പ്രസിഡന്റുമായ മാല ലമഹേവ, ഇന്ത്യൻ നാവികസേന ദക്ഷിണ നാവിക കമാൻഡ് മേധാവി വൈസ് അഡ്മിറൽ എം.എ.ഹംപിഹോളി, നാവിക അക്കാദമി മേധാവി വൈസ് അഡ്മിറൽ പുനീത് കെ.ബഹൽ, ഏഴിമല നേവൽ വൈവ്സ് വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് അഞ്ജലി ബഹൽ, ഡപ്യൂട്ടി കമൻഡാന്റ് റിയർ അഡ്മിറൽ അജയ് ഡാനിയൽ തിയോഫിലസ്, നാവിക അക്കാദമി പ്രിൻസിപ്പൽ റിയർ അഡ്മിറൽ രാജ്‌വീർ സിങ് എന്നിവർ പങ്കെടുത്തു.

നാവിക അക്കാദമി വികസനത്തിനായി കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യം ഇപ്പോഴില്ലെന്ന് നാവിക അക്കാദമി മേധാവി വൈസ് അഡ്മിറൽ പുനീത് കെ.ബഹൽ. നിലവിലുള്ള ഭൂമിയും കെട്ടിടങ്ങളും സംവിധാനങ്ങളും രണ്ടാംഘട്ട വികസനത്തിന്റേതടക്കമുള്ള ആവശ്യങ്ങൾ നിറവേറ്റാൻ മതിയാകും. രണ്ടാം ഘട്ട വികസനം 2025 ഡിസംബറിൽ പൂർത്തിയാകും. ഇതോടെ, 1200 കെഡറ്റുകൾക്കുള്ള പരിശീലന സൗകര്യമൊരുങ്ങും.

വോളിബോൾ, ബാസ്കറ്റ്ബോൾ തുടങ്ങിയവയ്ക്കായി 16 കളിക്കളങ്ങൾ കൂടി നിർമിക്കും. ഫിഫയുടെയും രാജ്യാന്തര ഹോക്കി ഫെഡറേഷന്റെയും നിലവാരത്തിലുള്ള മൈതാനവും നിർമിക്കും. രണ്ടാമത്തെ നീന്തൽക്കുളമാണ്, രണ്ടാം ഘട്ടത്തിൽ പൂർത്തിയാവുന്ന മറ്റൊരു പ്രധാന പദ്ധതി. മറ്റെന്തെങ്കിലും പ്രത്യേക സാഹചര്യം വന്നാലേ, കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടതുള്ളൂവെന്നും വൈസ് അഡ്മിറൽ പുനീത് കെ.ബഹൽ പറഞ്ഞു.

# മലയോര മേഖലയിൽ ഡെങ്കിപ്പനി പടരുന്നു



**കോടാലി:** മറ്റത്തൂർ പഞ്ചായത്തിലെ മലയോര മേഖലയിൽ ഡെങ്കിപ്പനി പടർന്നു പിടിക്കുന്നു. തോട്ടം മേഖലയായ ചൊക്കന, നായാട്ടുകുണ്ട്,വെള്ളിക്കുളങ്ങര, മോനൊടി പ്രദേശങ്ങളിലാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത് . മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർ മൂന്നു തവണ ഫോഗിങ്ങടക്കമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡെങ്കിപ്പനി ബാധിച്ച ആറിലധികം പേർ ചികിത്സയിലുണ്ട്. പനി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ മറ്റത്തൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ 450 ലേറെ പേർ ദിവസവും ചികിത്സക്കെത്തുന്നുണ്ടെന്ന് ആശുപത്രി അധികൃതർ അറിയിച്ചു . തിരക്കേറിയ സമയത്തും ഡോക്ടർമാരുടെ കുറവ് മൂലം രോഗികൾക്ക് ഏറെ നേരം കാത്തിരിക്കേണ്ടി വരുന്നുണ്ട്.

ഒപി വിഭാഗത്തിലെത്തുന്നവർക്ക് ഹാളിൽ തിങ്ങിയിരിക്കേണ്ട അവസ്ഥയാണ്. കിടപ്പ് രോഗികൾക്ക് കൂടുതൽ ശുചിമുറികൾ അനുവദിക്കണമെന്നും രോഗികളെ പരിചരിക്കുന്നവർ ആവശ്യപ്പെട്ടു. വികസനവുമായി ബന്ധപ്പെട്ട നിർമാണ പ്രവൃത്തികൾ വർഷക്കാലത്തിനു മുൻപേ തീർത്ത് രോഗികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടു.അഞ്ചേരി മേഖലയിൽ ഡെങ്കിപനി വ്യാപകമായി പടരുന്നു. നൂറോളം പേർക്ക് ബാധിച്ചതായാണ് സൂചന. സിറം പരിശോധനയിലൂടെ 3 പേർക്കാണ് ഔദ്യോഗികമായി സ്ഥിരീകരിച്ചത്. നിലവിൽ 7 പേർ ഇതുമായി ബന്ധപെട്ട് ചികിത്സയിലാണ്. 40 പേർ ചികിത്സ കഴിഞ്ഞ് വിശ്രമത്തിലാണ്. സ്വകാര്യ ആശുപത്രിയിലും, ഒല്ലൂരിലെ കുടുംബ ആരോഗ്യകേന്ദ്രത്തിലും നിരവധി പേർ ചികിത്സ തേടി എത്തുന്നുണ്ട്.

ഒരു മാസം മുൻപും ഇവിടെ രോഗം സ്ഥിരീകരിച്ചിരുന്നു. കോർപറേഷനു കീഴിലെ ആരോഗ്യ പ്രവർത്തകരുടെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

അഞ്ചേരി, പടവരാട് ഡിവിഷനുകളിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാൻ പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകി .

ഫോഗിങ്ങും, സ്പ്രേയിങ്ങും നടത്തി വരികയാണ്. ലോറിയിൽ എത്തുന്ന കുടിവെള്ളം ദിവസങ്ങളോളം ടാങ്കുകളിൽ സൂക്ഷിക്കുന്നതാണ് കൊതുക് വർധിക്കാൻ കാരണമെന്ന് സംശയിക്കുന്നു.

അടുത്ത ദിവസങ്ങളിൽ ആയുർവേദ, ഹോമിയോ പ്രതിരോധ മരുന്നുകൾ മേഖലയിൽ വിതരണം ചെയ്യാനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.



# നീരൊഴുക്ക് തടസപ്പെട്ട് കനാലുകളിലും തോടുകളിലും മലിനജലം

**കടുത്തുരുത്തി:** തണ്ണീർമുക്കം ബണ്ട് തുറന്ന് മാസങ്ങൾ പിന്നിട്ടിട്ടും തോടുകളിലെയും കനാലുകളിലെയും ഓരുമുട്ടുകളും ചീപ്പുകളും പലതും തുറന്നില്ലെന്ന് ആക്ഷേപം. ഇതുമൂലം നീരൊഴുക്ക് തടസപ്പെട്ടതിനാൽ മലിനജലമാണ് കനാലുകളിലും തോടുകളിലും നിറഞ്ഞ് കിടക്കുന്നതെന്ന് നാട്ടുകാർ.

ഉപ്പുവെള്ളം കയറാത്തതിനാൽ തോടുകൾ മലിനമായി കിടക്കുന്നത് ടൂറിസ്റ്റ് ബോട്ടുകളുടെ സഞ്ചാരം ദുർഘടമാകുന്നത് ടൂറിസ്റ്റ് മേഖലയ്ക്കു തിരിച്ചടിയാണ്. മലിനജലം കെട്ടിക്കിടക്കുന്നത് ജലജന്യരോഗങ്ങൾക്കും കാരണമാകുന്നു.

നെൽക്കൃഷി ചെയ്യുന്ന പാടങ്ങളിൽ വർഷങ്ങളായി പ്രയോഗിക്കുന്ന രാസവളത്തിന്റെയും കീടനാശിനികളുടെയും അവശിഷ്ടങ്ങൾ മണ്ണിൽ ചേർന്നലിഞ്ഞു കിടക്കുന്നതിനാൽ മണ്ണിന്റെ സ്വാഭാവിക ഫലപുഷ്ടി നഷ്ടപ്പെടുകയാണെന്നും കർഷകർ ചൂണ്ടിക്കാണിക്കുന്നു. ഇതുമൂലം കൃഷിയുടെ ചെലവേറുന്നതായും കർഷകർ പറയുന്നു. കൂടാതെ ഉത്പാദനം കുറയുന്നതിനും ഇതു കാരണമാകുന്നു.

പല തോടുകളിലും സിലോൺ പായൽ തിങ്ങിനിറഞ്ഞു കിടക്കുകയാണ്. ചില തോടുകളിൽ മുള്ളൻ പായലാണ് കൂടുതലുള്ളത്. ഗ്രാമീണ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തോടുകളിൽ പോലും ഇതാണ് അവസ്ഥ. കുപ്പികൾ, കവറുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും പല തോടുകളിലും അടിഞ്ഞുകൂടി കിടക്കുന്നുണ്ട്.

മുള്ളൻപായൽ കാരണം അടിയൊഴുക്കും സിലോൺ പായൽ മൂലം മേലൊഴുക്കും ഇല്ലാത്ത അവസ്ഥയാണ്. ജലം മലിനപ്പെട്ടിരിക്കുന്നതിനാൽ ഉൾനാടൻ മത്സ്യസമ്പത്തും ശോഷിക്കുകയാണ്.

മഴ ശക്തിപ്പെട്ടാൽ കായലിലെ ഉപ്പിന്റെ അളവ് കുറയാനിടയാകും. മഴവെള്ള പാച്ചിലിൽ തോടുകളിലെയും കനാലുകളിലെയും ഒഴുക്ക് ശക്തമാകുന്നതു മൂലം ഉപ്പ് വെള്ളം കയറിവരാനുള്ള സാധ്യത കുറയും. ഇത് ഒഴിവാക്കാൻ അപ്പർകുട്ടനാട്ടിലെ തോടുകളിലെയും കനാലുകളിലെയും മുഴുവൻ ഓരുമുട്ടുകളും ചീപ്പുകളും അടിയന്തരമായി തുറന്ന് ഉപ്പ് വെള്ളം കയറ്റി പ്രകൃതിയുടെ സ്വാഭാവിക ശുദ്ധീകരണം സാധ്യമാക്കണമെന്ന് കുട്ടനാട് സംയുക്ത സമിതി ആവശ്യപ്പെട്ടു.

കുട്ടനാട് സംയുക്ത സമിതി ചെയർമാൻ കെ.ഗുപ്തന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ കൺവീനർ ഡോ. കെ.ടി. റെജികുമാർ, വൈസ് ചെയർമാന്മാരായ കെ.എം. പൂവ്, ജോയിന്റ് കൺവീനർമാരായ ലേഖാ കാവാലം, കെ.കെ. മണിലാൽ, കമ്മിറ്റിയംഗങ്ങളായ ആന്റണി ജോസഫ്, നോബി മുണ്ടയ്ക്കൽ, പി. പുഷ്ക്കരൻ, സാബു നരിക്കുഴി തുടങ്ങിയവർ പ്രസംഗിച്ചു.

# അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കും: മന്ത്രി വീണാ ജോർജ്

**സുൽത്താൻ ബത്തേരി:** ഗവ.താലൂക്ക് ആശുപത്രിയിലെ പ്രസവ പരിചരണ വിഭാഗത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. താലൂക്ക് ആശുപത്രിയിൽ നിർമാണം പൂർത്തിയായ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അവർ.

സാധാരണക്കാർക്ക് ആശ്രയമായ സർക്കാർ ആശുപത്രികളിൽ മികച്ച ചികിത്സയും സൗകര്യവും ഒരുക്കുക സർക്കാരിന്റെ ലക്ഷ്യമാണെന്ന് മന്ത്രി പറഞ്ഞു. സോളാർ പ്ലാന്റ്, ഓക്സിജൻ ജനറേഷൻ പ്ലാന്റ്, കാഷ്വാലിറ്റി ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ, ലിഫ്റ്റുകൾ, പെയിൻ ആൻഡ് പാലിയേറ്റീവ് ജില്ലാ ട്രെയിനിംഗ് സെൻറർ, കീമോ തെറാപ്പി യൂണിറ്റ്, ഭിന്നശേഷി കുട്ടികളുടെ ഫിസിയോ തെറാപ്പി യൂണിറ്റ്, റിംഗ് റോഡ്, ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ്, എന്നിവയുടെ ഉദ്ഘാടനമാണ് നടത്തിയത്. ഐ.സി. ബാലകൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. നഗരസഭാ ചെയർമാൻ ടി.കെ. രമേശ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് അമ്പിളി സുധി, ഡിഎംഒ ഡോ.പി. ദിനീഷ്, ഡിപിഎം താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.കെ.വി. സിന്ധു തുടങ്ങിയവർ പങ്കെടുത്തു.

അഞ്ചു കോടി രൂപ ചെലവിലാണ് അത്യാഹിതവിഭാഗവും ഓപ്പറേഷൻ തിയേറ്ററും നവീകരിച്ചത്. എൻഎച്ച്എം ഫണ്ടിലെ ആറ് ലക്ഷം രൂപ വിനിയോഗിച്ചാണ് പെയിൻ ആൻഡ് പാലിയേറ്റീവ് ജില്ലാ ട്രെയിനിംഗ് സെൻറർ നിർമാണം പൂർത്തിയാക്കിയത്.

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലെ 51 ലക്ഷം രൂപ ചെലവഴിച്ചാണ് കുട്ടികൾക്കുള്ള ഫിസിയോ തെറാപ്പി യൂണിറ്റ് സജ്ജീകരിച്ചത്. പൊതുമരാമത്ത് വകുപ്പ് 1.10 കോടി രൂപ വിനിയോഗിച്ചാണ് റിംഗ് റോഡ് നിർമിച്ചത്. ആരോഗ്യ കേരളം ഫണ്ടിലെ 50 ലക്ഷം രൂപ ചെലവഴിച്ചായിരുന്നു ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് നിർമാണം. ഓക്സിജൻ ജനറേഷൻ പ്ലാന്റിനു നാലു ലക്ഷം രൂപ ചെലവായി. കെഎസ്ഇബിയുടെ സൗര പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 166 കിലോവാട്ട് ശേഷിയിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചത്.

## ചെമ്പൈ പുരസ്കാരത്തിന് സാംസ്കാരിക വകുപ്പ് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കർണാടക സംഗീതം വായ്പ്പാട്ടിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ചെമ്പൈ പുരസ്കാരം 2023ന് യുവസംഗീതജ്ഞരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷാഫോമും, നിയമാവലിയും ചെയർമാൻ, ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റ്, അയോദ്ധ്യ നഗർ, ചെമ്പൈ റോഡ്, ശ്രീവരാഹം, തിരുവനന്തപുരം 695009 (ഫോൺ 04712472705, 9447754498) എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മാർഗമോ ലഭിക്കും. 9447060618 നമ്പറിലേക്ക് വാട്ട്സ് അപ്പ് സന്ദേശമയച്ചും അപേക്ഷാഫോം വാങ്ങാം.

തപാലിൽ ലഭിക്കുന്നതിന് പത്തുരൂപ സ്റ്റാമ്പൊട്ടിച്ച് സ്വന്തം വിലാസം എഴുതിയ വലിയ കവർ അയച്ചു കൊടുക്കണം. പൂരിപ്പിച്ച അപേക്ഷാഫോം തിരുവനന്തപുരം ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റിൽ ജൂൺ 15 നകം ലഭിച്ചിരിക്കണം.

## കൈത്തറി തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ്

**തിരുവനന്തപുരം:** കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ 2023 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ സംസ്ഥാനത്ത് ഉന്നത വിജയം നേടിയ വിദ്യാർഥികൾക്കുള്ള സ്വർണ്ണപ്പതക്കം/ക്യാഷ് അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു.

നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് ജൂൺ 30 നു മുമ്പായി നൽകണം. കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലുള്ളവർ കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കും, കോഴിക്കോട്, പാലക്കാട്, മലപ്പുറം, ജില്ലക്കാർ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കും, തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലക്കാർ എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കും, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം, ജില്ലക്കാർ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കുമാണ് അപേക്ഷ നൽകേണ്ടത്.

അപേക്ഷാ ഫോം ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും കണ്ണൂരിലുള്ള ഹെഡ്ഡാഫീസിൽ നിന്നും സൗജന്യമായി ലഭിക്കും. തപാലിൽ ആവശ്യമുള്ളവർ അഞ്ച് രൂപ സ്റ്റാമ്പ് പതിച്ച സ്വന്തം വിലാസമെഴുതിയ കവർ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, താളിക്കാവ്, കണ്ണൂർ 670001 എന്ന വിലാസത്തിൽ അപേക്ഷിക്കണം. ഫോൺ : കണ്ണൂർ 04972702995, കോഴിക്കോട് 04962984709, എറണാകുളം 9446451942, തിരുവനന്തപുരം 9995091541.

## ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ ഫോൺ ഇൻ പരിപാടി 30 ന്

**തിരുവനന്തപുരം:** ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രി ജി. ആർ. അനിൽ പൊതുജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന പ്രതിമാസ ഫോൺഇൻ പരിപാടി മെയ് 30 ന് ഉച്ച 2 മുതൽ 3 വരെ നടക്കും.

ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ, അളവ് തൂക്ക വകുപ്പുകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും പരാതികളും ഫോണിലൂടെ മന്ത്രിയെ നേരിട്ട് അറിയിച്ച് പരിഹാരം കാണാം.

# മരുന്ന് സംഭരണശാലയിലെ തീപിടിത്തം, പ്രതി ബ്ളീച്ചിംഗ് പൗഡർ?



**ആലപ്പുഴ:** കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ വണ്ടാനത്തെ മരുന്ന് സംഭരണശാലയിലെ ബ്ളീച്ചിംഗ് പൗഡർ കത്തിനശിച്ച സംഭവത്തിൽ പുന്നപ്ര പൊലീസ് അന്വേഷണം തുടങ്ങി. ഗോഡൗൺ മാനേജർ രാധികയുടെ പരാതിയിലാണ് അന്വേഷണം. ഇതിന്റെ ഭാഗമായി ഗോഡൗണിൽ അന്ന് രാത്രി ഡ്യൂട്ടിയിലുണ്ടായിരുന്ന സെക്യൂരിറ്റിജീവനക്കാരൻ അനിൽ, അർദ്ധരാത്രി മരുന്നുമായി എത്തിയ വാഹനത്തിന്റെ ഡ്രൈവർ, മറ്റ് ജീവനക്കാർ എന്നിവരുടെ മൊഴി രേഖപ്പെടുത്തി.

ഇന്നലെ രാവിലെ പത്തരയ്ക്ക് ഗോഡൗണിലെത്തിയ പൊലീസ്, ഉച്ചകഴിഞ്ഞ് രണ്ടേമുക്കാലോടെയാണ് മടങ്ങിയത്.മരുന്ന് സംഭരണശാലയിലെ മെയിൻഗേറ്റിലേതുൾപ്പെടെ എല്ലാ സി.സി ടി.വി ക്യാമറകളിലെയും ദൃശ്യങ്ങൾ പരിശോധിക്കുകയും ഫോറൻസിക് വിഭാഗം തെളിവെടുപ്പ് നടത്തുകയും ചെയ്ത. സംഭവത്തിൽ അട്ടിമറി സാദ്ധ്യതയൊന്നും വ്യക്തമായിട്ടില്ലെന്ന് പുന്നപ്ര പൊലീസ് പറഞ്ഞു. തീപിടിത്തമുണ്ടായ ബ്ളീച്ചിംഗ് പൗഡർ സംഭരിച്ചിരുന്ന മുറിയിൽ നിന്നുള്ള അവശിഷ്ടങ്ങളുടെ സാമ്പിളുകൾ ഫോറൻസിക് വിഭാഗം ശേഖരിച്ചിരുന്നെങ്കിലും അതിന്റെ പരിശോധനാഫലം വന്നിട്ടില്ല. അത് ലഭിച്ചാൽ മാത്രമേ തീപിടിത്തത്തിന്റെ യഥാർത്ഥ കാരണം വ്യക്തമാകു.

വീര്യം കൂട്ടി നിർമ്മിച്ചതായി കരുതുന്ന ബ്ളീച്ചിംഗ് പൗഡറിലുണ്ടായ രാസപരിണാമമാകാം 20 ലക്ഷത്തോളം രൂപയുടെ നാശനഷ്ടത്തിനിടയാക്കിയ തീപിടിത്തതിന് കാരണമെന്നാണ് കരുതുന്നത്.അതേസമയം, പൊലീസിനും ഫയർഫോഴ്സിനും പുറമേ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥരും മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ആഭ്യന്തര അന്വേഷണ വിഭാഗവും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് ഷോർട്ട് സർക്യൂട്ടല്ലെന്ന് ഫയർഫോഴ്സും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥരും പ്രാഥമിക അന്വേഷണത്തിൽ വ്യക്തമാക്കിയതോടെ ബ്ളീച്ചിംഗ് പൗഡറിനെചുറ്റിപ്പറ്റിയാണ് ആലപ്പുഴയിലും അന്വേഷണം മുറുകുന്നത്.ബ്ളീച്ചിംഗ് പൗഡറിന്മുഴുവൻസമയം കാവൽ തീപിടിത്തത്തിൽ നശിക്കാത്ത 30700 കിലോ ബ്ളീച്ചിംഗ് പൗഡർ ഗോഡൗൺ വളപ്പിൽ തുറസായ സ്ഥലത്തേക്ക് മാറ്റി. മഴ നനയാതിരിക്കാൻ ടാർപ്പോളിൻ കൊണ്ട് മൂടി സൂക്ഷിക്കുകയും സുരക്ഷയ്ക്കായി രണ്ട് സെക്യൂരിറ്റിക്കാരെയും മുഴുവൻ സമയം കാവലിനായി നിയോഗിച്ചു.

ഗുണനിലവാരത്തിലും നിർമ്മാണത്തിലും ഇതിനകം സംശയത്തിനിടയാക്കിയ ബ്ളീച്ചിംഗ് പൗഡർ കമ്പനിക്ക് തിരികെ നൽകാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ശ്രമിക്കുന്നതിനിടെ, ഇത് ആലപ്പുഴയിൽ നിന്ന് എറണാകുളത്തേക്ക് കോൾഡ് ചേമ്പർ വാഹനത്തിൽ കൊണ്ടുപോകാനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. കൊല്ലത്തും തിരുവനന്തപുരത്തെ കിൻഫ്രാപാർക്കിലും ദിവസങ്ങളുടെ വ്യത്യാസത്തിൽ വൻ അഗ്നിബാധയ്ക്കും ആളപായത്തിനും കാരണമായ ബെൻകീബിഹാരി കമ്പനിയുടെ ബ്ളീച്ചിംഗ് പൗഡറാണ് ആലപ്പുഴയിലും വില്ലനായതെന്നാണ് സംശയം.

## ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ആധുനിക സർജിക്കൽ ഓങ്കോളജി തീയറ്റർ

**കൊച്ചി :** എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ആധുനിക രീതിയിലുള്ള സർജിക്കൽ ഓങ്കോളജി തീയറ്റർ ആരംഭിക്കുന്നു.

മെയ് 29 ന് വൈകുന്നേരം നാലിന് ആശുപത്രി പ്രസിഡന്റ് എം.ഒ ജോണിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻചാർജ്ജ് കെ. അജിത് കുമാർ ഓങ്കോളജി തീയറ്ററിന്റെ ഉദ്ഘാടനം നിർവ്വഹിക്കും.

കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ അഭയ് രാജ് ഭണ്ഡാരിയും ചടങ്ങിൽ പങ്കെടുക്കുമെന്ന് ആശുപത്രി സെക്രട്ടറി അജയ് തറയിൽ അറിയിച്ചു.

## എട്ടാം ക്ലാസുകാർക്ക് ലിറ്റിൽ കൈറ്റ്സ് അംഗമാവാൻ അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്തെ 2000 ത്തോളം സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ നിലവിലുള്ള ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകളിൽ അംഗത്വത്തിന് എട്ടാം ക്ലാസുകാർക്ക് ജൂൺ 8 വരെ അപേക്ഷിക്കാം. അപേക്ഷകരിൽ നിന്നും നിശ്ചിത എണ്ണം അംഗങ്ങളെ ഓരോ സ്കൂളിലേയും ക്ലബ്ബുകളിൽ തെരഞ്ഞെടുക്കാനുള്ള അഭിരുചി പരീക്ഷ സംസ്ഥാനതലത്തിൽ ജൂൺ 13ന് നടക്കും. സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷാഫോമിൽ കുട്ടികൾ പ്രഥമാധ്യാപകർക്കാണ് അപേക്ഷ നൽകേണ്ടത്.

സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി നടത്തുന്ന അര മണിക്കൂർ ദൈർഘ്യമുള്ള അഭിരുചി പരീക്ഷയിൽ ലോജിക്കൽ, പ്രോഗ്രാമിംഗ്, 5, 6, 7 ക്ലാസുകളിലെ ഐടി പാഠപുസ്തകം, ഐടി മേഖലയിലെ പൊതുവിജ്ഞാനം എന്നീ മേഖലകളിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാകും. അഭിരുചി പരീക്ഷയ്ക്ക് തയ്യാറാകുന്ന വിദ്യാർഥികൾക്കായി ജൂൺ 3, 4, 5 തീയതികളിൽ രാവിലെ 6.30നും രാത്രി 8.00നും പ്രത്യേക ക്ലാസുകൾ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുമെന്ന് കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത് അറിയിച്ചു.

അംഗങ്ങളായി തെരെഞ്ഞെടുക്കുന്നവർക്ക് ഹാർഡ്‌വെയർ, അനിമേഷൻ, ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങ്, സൈബർ സുരക്ഷ, മൊബൈൽ ആപ്പ് നിർമാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇഗവേണൻസ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകും. സ്കൂൾപ്രവർത്തനത്തെ ബാധിക്കാതെയും അവധിദിവസങ്ങൾ പ്രയോജനപ്പെടുത്തിയുമാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളിൽ എ ഗ്രേഡ് നേടുന്ന വിദ്യാർഥികൾക്ക് പത്താം ക്ലാസ് പരീക്ഷയിൽ ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുണ്ട്.

കൈറ്റ് നടപ്പാക്കുന്ന ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിൽ ഇതുവരെ 3 ലക്ഷം കുട്ടികൾ അംഗങ്ങളായിട്ടുണ്ട്. വിശദാംശങ്ങൾ www.kite.kerala.gov.in ൽ ലഭ്യമാണ്.




## കെ. എസ്. ആർ. ടി. സി ചാലക്കുടി ഡിപ്പോയ്ക്ക് റെക്കാഡ് കളക്ഷൻ

**ചാലക്കുടി:** റെക്കാഡ് കളക്ഷനും ട്രിപ്പുകളുമായി കെ.എസ്.ആർ.ടി.സി ചാലക്കുടി ഡിപ്പോയുടെ വിനോദസഞ്ചാര യാത്രകൾ. വേനൽ അവധിയുടെ കഴിഞ്ഞ രണ്ടു മാസക്കാലം വിവിധ വിനോദ കേന്ദ്രങ്ങളിലേക്ക് ഇവിടെ നിന്നും നൂറിലധികം ബസുകൾ സർവീസ് നടത്തി. ആവേശപൂർവമാണ് സർവീസുകളെ ജനങ്ങൾ സ്വീകരിച്ചത്.

നിരവധി വിദ്യാർത്ഥികളും അവധിക്കാല ഉല്ലാസ യാത്രകളിൽ പങ്കാളികളായി. മലക്കപ്പാറ, മൂന്നാർ, കൊച്ചിയിലെ സാഗർ റാണി, കൊളുക്കുമല തുടങ്ങിയ സ്ഥലങ്ങളിലെ വിനോദസഞ്ചാരമാണ് ആളുകളെ കൂടുതൽ ആകർഷിച്ചത്. വട്ടവട, കാന്തല്ലൂർ, വാഗമൺ, ഗവി, മാമലക്കണ്ടം എന്നിവിടങ്ങളിലേക്കും ചാലക്കുടിയിൽ നിന്നും ശനി, ഞായർ ദിവസങ്ങളിൽ വിനോദ സഞ്ചാരത്തിനായി ട്രിപ്പുകൾ ഉണ്ടായിരുന്നു.ഇടദിവസങ്ങളിലും ആളുകൾ വിനോദയാത്രയ്ക്ക് കെ.എസ്.ആർ.ടി.സി ബസുകളെ ആശ്രയിക്കുന്നുണ്ട്. ഇതോടെ ചാലക്കുടി ഡിപ്പോയിൽ നിന്നും ആരംഭിച്ച ആനവണ്ടിയുടെ വിനോദസഞ്ചാര പദ്ധതി വൻ ഹിറ്റായി. ചാലക്കുടിയെ പിന്തുടർന്ന് തുടങ്ങിയ ഇരിങ്ങാലക്കുട ഡിപ്പോയിലെ വിനോദസഞ്ചാര പാക്കേജും ഇതിനകം തന്നെ ജനപ്രിയമാണ്.

മറ്റു ജില്ലകളിലെ ഡിപ്പോകളും വിനോദ സഞ്ചാര പാക്കേജുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഒന്നരവർഷം മുമ്പാണ് ചാലക്കുടിയിൽ നിന്നും മലക്കപ്പാറയിലേക്ക് ആദ്യത്തെ വിനോദ സഞ്ചാരയാത്ര ആരംഭിച്ചത്. പിന്നീടിത് മറ്റു വിനോദസഞ്ചാര മേഖലയിലേക്കും വ്യാപിപ്പിച്ചു. ഇപ്പോൾ ട്രക്കിംഗും വിശ്രമ കേന്ദ്രങ്ങൾ അടക്കമുള്ള സൗകര്യങ്ങളും ഉൾപ്പെടെ വലിയ പാക്കേജായി പലതും മാറി.

## ജൂലായ് ഒന്നുമുതൽ കൺസഷൻ കാർഡ് നിർബന്ധം

**പാലക്കാട്:** വിദ്യാർത്ഥികൾക്ക് ജൂലായ് ഒന്നുമുതൽ കൺസഷൻ കാർഡ് നിർബന്ധമാക്കുമെന്ന് പാലക്കാട് സ്റ്റുഡന്റ്സ് ഫെസിലിറ്റി കമ്മിറ്റി യോഗത്തിൽ ആർ.ടി.ഒ അറിയിച്ചു.

വിദ്യാർത്ഥികളുടെ ബസ് യാത്ര കൺസഷൻ കാർഡ് വിതരണം, യാത്രാ ബുദ്ധിമുട്ടുകൾ തുടങ്ങിയവ ചർച്ച ചെയ്യുന്നതിന് ജില്ലാ കലക്ടർ ഡോ.എസ്.ചിത്രയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

സർക്കാർ, എയ്ഡഡ്, അഫിലിയേറ്റഡ്, ഗവൺമെന്റ് അംഗീകൃത സ്കൂളുകൾ, കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കാർഡ് നിർബന്ധമാണ്. വിദ്യാർത്ഥികളുടെ ലിസ്റ്റ് നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി അതത് താലൂക്ക് ജെ.ആർ.ടി.ഒ മുമ്പാകെ ഹാജരാക്കി കാർഡ് ലഭിക്കുന്നതിന് സ്ഥാപന മേധാവി മുൻകൈയെടുക്കണം.

സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന കൺസഷൻ കാർഡുകൾ പരിശോധിച്ച് ഉറപ്പിക്കാനുള്ള അവസരം ബസുടമകൾക്ക് നൽകും.

യോഗത്തിൽ അസിസ്റ്റന്റ് കലക്ടർ ഡി.രഞ്ജിത്ത്, ജില്ലാ പൊലീസ് മേധാവി, ജോയിന്റ് ആർ.ടി.ഒമാർ, പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് പ്രതിനിധികൾ, അദ്ധ്യാപകർ, വിദ്യാർത്ഥി സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഹൃദയതാള തകരാറുകൾ ഗൗരവമായി കാണണം: കെ.എച്ച്.ആർ.എസ്




**കോഴിക്കോട്:** ഹൃദയമിടിപ്പിലെ താളപ്പിഴകളും, അസ്വഭാവികതകളും, അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കുന്ന ഹൃദ്രോഗവിദഗ്ധരുടെ പതിനൊന്നാമത് വാർഷിക സമ്മേളനം കോഴിക്കോട് കടവ് റിസോർട്ടിൽ നടന്നു.കേരള ഹാർട്ട് റിഥം സൊസൈറ്റിയാണ് (കെ.എച്ച്.ആർ.എസ്) സമ്മേളനത്തിന്റെ സംഘാടകർ.സമ്മേളനം കെ.എച്ച്.ആർ.എസ് പ്രസിഡന്റ് ഡോ.നാരായണൻ നമ്പൂതിരി ഉദ്ഘാടനംചെയ്തു.ക്രമം തെറ്റിയ ഹൃദയമിടിപ്പും അതിന്റെ സങ്കീർണതകളും വരുത്തുന്ന അപകടങ്ങളെപറ്റി പൊതുജനാവബോധം ആവശ്യമാണ്. നേരത്തെ രോഗനിർണ്ണയം നടത്തി ചികിത്സ തേടേണ്ടവയാണിവ. അൻപത് ശതമാനത്തോളം ഹൃദ്രോഗ സംബന്ധമായ മരണങ്ങൾക്കും പക്ഷാഘാതത്തിനും ഇത് കാരണമാകുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. ഡോ. നാരായണൻ നമ്പൂതിരി പറഞ്ഞു.ഹൃദയമിടിപ്പ് സംബന്ധമായ പ്രശ്നങ്ങൾ നിശബ്ദമായി കടന്നുവരുന്നതിനാൽ മരണകാരണമെന്ന നിലയിൽ അത് കൃത്യമായി രേഖപ്പെടുത്തുന്നില്ല. രോഗാവസ്ഥ മുൻകൂട്ടി തിരിച്ചറിയാൻ കഴിയാത്തത്, അടിയന്തിര വൈദ്യസഹായം ലഭ്യമാകാതെ വരുന്നതുമെല്ലാം ഈ ഗുരുതരമായ പ്രശ്നത്തെ അർഹമായ ഗൗരവത്തോടെ കാണാൻകഴിയാതെ പോകുന്നു. സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് ആരോഗ്യമേഖല ഇതിനെ പ്രതിരോധിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു.ഹൃദയ താളം തകരാറുകൾ രോഗനിർണയം, പ്രതിരോധം, ചികിത്സ, പരിചരണം എന്നിവയിലെ നിലവിലെ പുരോഗതിയെക്കുറിച്ചും ഇലക്ട്രോഫിസിയോളജിയിലും പേസിംഗിലുമുള്ള പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ചും ദ്വിദിന ശാസ്ത്ര സമ്മേളനം ചർച്ച ചെയ്തു.ചികിത്സ തേടേണ്ട ഹൃദയത്തിന്റെ താളക്രമം പ്രശ്നങ്ങൾ ഓർഗനൈസിംഗ് സെക്രട്ടറി ഡോ. അനീസ് താജുദീൻ വിശദീകരിച്ചു.ഓർഗനൈസിങ് ചെയർമാൻ ഡോ.അശോകൻ പി.കെ, ഓർഗനൈസിങ് സെക്രട്ടറി ഡോ.അനീസ് താജുദീൻ, സെക്രട്ടറി ഡോ.ഭീം ശങ്കർ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.പുതിയ മരുന്നുകൾക്കുപുറമെ പേസ് മേക്കർ, ഡീഫിബ്രിലേറ്റർ എനിവയിലെ അതി നൂതന സാങ്കേതിക വിദ്യകൾ സംബന്ധിച്ച് ശാസ്ത്ര സെഷനുകൾ നടന്നു. ഹൃദയമിടിപ്പ് നിയന്ത്രിക്കുന്ന ഭാഗങ്ങളിലെ അപാകതകൾ പരിഹരിക്കുന്ന അബ്ലേഷൻ ചികിത്സ ഏറെ ഫലപ്രദമാണെന്ന് ഓർഗനൈസിങ് ചെയർമാൻ ഡോ.അശോകൻ പി.കെ, പറഞ്ഞു. വൈദ്യുത സിഗ്നലുകൾ തെറ്റായി പ്രവർത്തിക്കുന്ന അല്ലെങ്കിൽ ക്രമരഹിതമായ ഹൃദയമിടിപ്പ് ഉണ്ടാക്കുന്ന ഹൃദയപേശികളിലെ കോശങ്ങളെ ഇത് തിരഞ്ഞെടുത്ത് നിർവീര്യമാക്കുന്നു. ഹൃദയത്തിനകത്തേക്ക് നേർത്ത ലോഹ നാരുകൾ അടങ്ങിയ കാത്തിറ്റർ കടത്തിവിട്ട് റേഡിയോ ഫ്രീക്വൻസി ഉപയോഗിച്ചാണ് ഈ ചികിത്സ നടത്തുന്നത്. പുതിയ മരുന്നുകൾ, കത്തീറ്റർ അബ്ലേഷൻ (സിഎ) ടെക്നിക്, ലീഡ്ലെസ് പേസ്മേക്കറുകൾ പോലുള്ള പുതിയ ഇംപ്ലാന്റ് ചെയ്യാവുന്ന ഉപകരണങ്ങൾ എന്നിവയുൾപ്പെടെ ക്രമരഹിതമായ ഹൃദയമിടിപ്പിനുള്ള മാപ്പിംഗ് സാങ്കേതികതകളും, ക്ലിനിക്കൽ ഇലക്ട്രോഫിസിയോളജിയും, ഏറ്റവും പുതിയ ചികിത്സാ രീതികളും ശാസ്ത്രീയ സെഷനുകൾ ചർച്ച ചെയ്തു.അന്താരാഷ്ട്ര വിദഗ്ദ്ധരും സംസ്ഥാനത്തെ ഹൃദ്രോഗ വിദഗ്ധരും രണ്ടു ദിവസത്തെ ശാസ്ത്ര സമ്മേളനത്തിൽ പങ്കെടുത്തു.

# വൈദ്യുതി വാഹന ഫാസ്റ്റ് ചാർജിങ് സ്റ്റേഷനും, മൊബൈൽ ആപ്പും ആരംഭിച്ച് ഇവോക്

**കൊച്ചി:** സംസ്ഥാനത്തെ വൈദ്യുതി വാഹന ഉടമകളുടെ കൂട്ടായ്മയായ ഇലക്ട്രിക് വെഹിക്കിൾസ് ഓണേഴ്സ് കേരളയുടെ വാർഷിക സമ്മേളനം മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു.ഇവെഹിക്കിൾ വ്യവസായങ്ങൾക്കായി സംസ്ഥാനത്ത് സ്പെഷ്യൽ സോൺ തുറക്കുമെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. ബാറ്ററി ഉൽപ്പാദനം, ടെക്നോളജി വികസനം തുടങ്ങിയ വിവിധങ്ങളായ വൈദ്യുതി വാഹന അനുബന്ധ വ്യവസായങ്ങൾ പ്രത്യേക സോണിൽ പ്രവർത്തിപ്പിക്കാം എന്നതാണ് സർക്കാർ ലക്ഷ്യം വെക്കുന്നത്. കെഎസ്ഇബിയുടേയും സ്വകാര്യ കമ്പനികളുടെയും നേതൃത്വത്തിൽ സംസ്ഥാനത്ത് കൂടുതൽ വൈദ്യുതി വാഹന ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ സർക്കാർ പ്രോത്സാഹനം നൽകുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ സംസ്ഥാനമോട്ടാകെ ഇവോക് ആരംഭിക്കുന്ന 30 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളുടെയും, ചാർജിങ് മൊബൈൽ അപ്ലിക്കേഷന്റേയും ലോഞ്ച് എംപി ഹൈബി ഈഡൻ നിർവഹിച്ചു.




കേരള സ്റ്റാർട്ട്അപ്പായ ചാർജ്മോഡുമായി സഹകരിച്ചാണ് ഇവോക് കേരളമോട്ടാകെ ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും ചാർജിങ് സ്റ്റേഷനുകളുടെ ഉപയോഗം വാഹന ഉടമകൾക്ക് എളുപ്പത്തിലാക്കാൻ സഹായിക്കുന്ന മൊബൈൽ അപ്ലിക്കേഷനും ഒരുക്കുന്നത്.ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂട്ടുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രശ്നരഹിതമായി ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദേങ്ങളും സംസ്ഥാനമോട്ടാകെ നൽകി വരുന്ന സംഘടയാണ് ഇവോക്. രാജ്യത്തെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുന്നത്തിനും പ്രചരിപ്പിക്കുന്നതിനുമുള്ള വിവിധ ഏജൻസികളുടെ ഉദ്യമങ്ങളെ പിന്തുണക്കുകയും സഹായിക്കുകയുമാണ് ഇവോക്കിന്റെ മുഖ്യ ലക്ഷ്യം.ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കേരളമുടനീളം 30 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളാണ് ഇവോക് ആദ്യഘട്ടത്തിൽ സ്ഥാപിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം അത് 100 ആയി ഉയർത്തുകയാണ് ലക്ഷ്യം.കൂടാതെ വീടുകളിൽ സൗരോർജ്ജ ഉപഭോഗം വർദ്ധിപ്പിക്കുക, ഇലക്ട്രിക് വാഹനങ്ങൾ സൗരോർജ്ജത്തിൽ ചാർജ് ചെയ്യുക, മറ്റ് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ എന്നിവക്കും ഇവോക് നേതൃത്വം നൽകുന്നുണ്ട്.സമ്മേളനത്തിന്റെ ഭാഗമായി സുസ്ഥിര ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് വിദഗ്ധർ പങ്കെടുത്ത വിവിധ സെമിനാറുകളും, അനുബന്ധ വ്യവസായങ്ങളുടെ പ്രദർശനങ്ങളും നടന്നു. ഇവോക് സംസ്ഥാന പ്രസിഡന്റ് അഞ്ചൽ റെജിമോൻ, സെക്രട്ടറി ഡോ. രാജസേനൻ നായർ, ട്രെഷറർ എംഐ വിശ്വനാഥൻ, ചാർജ്മോഡ് സിഇഒ രാമനുണ്ണി, സംസ്ഥാനത്തെ നൂറു കണക്കിന് ഇലക്ട്രിക് വാഹന ഉടമകൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു.

# കേരള ഫീഡ്സ് ബിടുബി സമ്മേളനവും പുരസ്ക്കാര സമർപ്പണവും നാളെ

**കൊച്ചി:** പൊതുമേഖലാ കാലിത്തീറ്റ ഉത്പാദകരായ കേരള ഫീഡ്സ് സംഘടിപ്പിക്കുന്ന ബിസിനസ് ടു ബിസിനസ് സമ്മേളനവും മികച്ച കർഷകർക്കും ഡീലർമാർക്കുമുള്ള പുരസ്ക്കാര സമർപ്പണവും നാളെനെടുമ്പാശ്ശേരി സിയാൽ കൺവെൻഷൻ സെൻററിൽ നടക്കുന്ന ചടങ്ങ് മൃഗസംരക്ഷണക്ഷീരവികസന മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും.കേരള ഫീഡ്സിൻറെ വരാനിരിക്കുന്ന രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് ഈ വർഷം മുതൽ 'ലയം 2023' എന്ന ഡീലർ സമ്മേളനം ആരംഭിക്കുന്നത്. വർഷം തോറും നടത്താനുദ്ദേശിക്കുന്ന ഈ സമ്മേളനത്തിൽ സ്വന്തമായി ഡയറി ഫാമുകളുള്ള പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ പ്രസിഡൻറുമാർ, സെക്രട്ടറിമാർ എന്നിവർക്ക് മികച്ച ക്ഷീരകർഷകർക്കുള്ള പുരസ്ക്കാരം നൽകുമെന്ന് കേരള ഫീഡ്സ് എംഡി ഡോ. ബി ശ്രീകുമാർ അറിയിച്ചു. ഇതേ മാതൃകയിൽ ഡയറി ഫാമുകളുള്ള കേരള ഫീഡ്സിന്റെ സ്വകാര്യ ഡീലർമാരിലെ മികച്ച കർഷകർക്കും പുരസ്ക്കാരം നൽകാനാണ് തീരുമാനം.ഇതോടെ എല്ലാവർഷവും കേരളത്തിലെ ഏറ്റവും മികച്ച മൂന്ന് ക്ഷീരകർഷകരെ കണ്ടെത്തുകയും കേരള ഫീഡ്സ് പുരസ്ക്കാരങ്ങൾ നൽകുകയും ചെയ്യും. പുരസ്ക്കാരത്തുക, പ്രശസ്തിപത്രം എന്നിവയും ഇവർക്ക് നൽകും. ഇതിനു പുറമെ ക്ഷീരസഹകരണ സംഘങ്ങൾ നടത്തുന്ന മികച്ച ഫാമുകൾക്കും പുരസ്ക്കാരം നൽകുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കേരള ഫീഡ്സ് ചെയർമാൻ കെ ശ്രീകുമാർ അധ്യക്ഷനാകും. മൃഗസംരക്ഷണക്ഷീരവികസന സെക്രട്ടറി പ്രണബ് ജ്യോതിനാഥ് മുഖ്യപ്രഭാഷണം നടത്തുന്ന ചടങ്ങിൽ ചലച്ചിത്രതാരവും കേരള ഫീഡ്സ് ബ്രാൻഡ് അമ്പാസിഡറുമായ ജയറാം, മിൽമ ചെയർമാൻ കെ എസ് മണി, മൃഗസംരക്ഷണക്ഷീരവികസന ഡയറക്ടർ ഡോ. എ കൗശിഗൻ എന്നിവർ സംസാരിക്കും.ഉച്ചകഴിഞ്ഞ് ഡീലർമാരുമായി ആശയ വിനിമയ പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.

# ഓട്ടോസെക് എക്സ്പോ സമാപിച്ചു

**കൊച്ചി:** സുരക്ഷാ ഉപകരണ വിതരണ രംഗത്ത് പ്രവർത്തിക്കുന്നവരുടെ സംഘടനയായ അക്ഷേഷ്യ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ഓട്ടോസെക് എക്സ്പോ 2023 സമാപിച്ചു. പുതിയ തലമുറ സുരക്ഷ ഉപകരണങ്ങളേക്കുറിച്ച് മനസിലാക്കുന്നതിന് രണ്ടുദിവസങ്ങളിലായി നടന്ന എക്സ്പോ ബഹുജനപങ്കാളിത്തം കൊണ്ട് വൻവിജയമായതായി എക്സ്പോ സംഘാടക സമിതി ഭാരവാഹികളായ ഫിറോസ് കെ.എ,സഞ്ജയ് സനൽ എന്നിവരറിയിച്ചു.ഇതോടനുബന്ധിച്ച് നടത്തിയ അക്ഷേഷ്യയുടെ ജനറൽബോഡിയോഗവും ഇലക്ട്രോണിക് സുരക്ഷാ മേഖലയിലെ സഹകരണം, വിജ്ഞാന വിനിമയം, ചർച്ചകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള വ്യവസായ പ്രമുഖരുടെ കൂടിച്ചേരലും നടന്നു.

# മെഡിക്കൽ കോളേജിൽ ഫുഡ് കോർട്ട് ഉദ്ഘാടനം ഇന്ന്

**കളമശ്ശേരി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ പുതുതായി പണി കഴിപ്പിച്ച ഫുഡ്കോർട്ടിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 9.30 നു നടക്കും.ഇതോടെ മെഡിക്കൽ കോളേജിൽ നിന്നും സൗജന്യ ഭക്ഷണം കഴിക്കുന്ന രോഗികൾക്കും വിദ്യാർത്ഥികൾക്കും ഭക്ഷണം ഇരുന്നു കഴിക്കുന്നതിനുള്ള സൗകര്യമാണ് ലഭ്യമാകുന്നത്. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി. രാജീവ് ഫുഡ് കോർട്ട് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ അധ്യക്ഷത വഹിക്കും.മന്ത്രി പി. രാജീവിന്റെ പ്രത്യേക വികസന ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചെലവഴിച്ചാണ് ഫുഡ് കോർട്ടിന്റെ നിർമാണ പ്രവർത്തനങ്ങൾ നടത്തിയത്.അഞ്ച് മാസം കൊണ്ട് പി. ഡബ്ല്യു. ഡി യാണ് നിർമാണം പൂർത്തീകരിച്ചത്. 663 സ്ക്വയർ ഫീറ്റും 415 സ്ക്വയർ ഫീറ്റും അളവുകളിലുള്ള രണ്ട് ഫുഡ്കോർട്ടുകളിലായി 100 ഇരിപ്പിട സൗകര്യവുമുണ്ട്. കെട്ടിടത്തിന് ആവശ്യമായ വൈദ്യുതി, ജല സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഫുഡ് കോർട്ട് മെഡിക്കൽ കോളേജിനെ ആശ്രയിക്കുന്ന പാവപ്പെട്ട രോഗികൾക്ക് സൗകര്യപ്രദവും സഹായകരവുമാകുമെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ എം. പറഞ്ഞു

# ഏഷ്യാ–പസഫിക് മാസ്റ്റേഴ്സ് ഗെയിംസ്: ഇന്ത്യക്കായ് വെള്ളി നേടി ലിബാസ് പി. ബാവ

**കൊച്ചി :** ഏഷ്യാ-പസഫിക് മാസ്റ്റേഴ്സ് ഗെയിംസിൽ ഇന്ത്യക്കായി വെള്ളി മെഡൽ നേടി എറണാകുളം കലൂർ സ്വദേശിനി ലിബാസ് പി ബാവ. ഈ മാസം 10 മുതൽ സൗത്ത് കൊറിയിയൽ നടന്ന മാസ്റ്റേഴ്സ് ഗെയിംസിൽ ഭാരോദ്വഹനത്തിലാണ് ലിബാസ് നേട്ടം സ്വന്തമാക്കിയത്. 81 കിലോഗ്രാം വിഭാഗത്തിലായിരുന്നു 38 വയസുകാരിയായ ലിബാസ് മൽസരിച്ചത്. മാർച്ചിൽ ന്യൂസിലാൻഡിൽ വച്ച് നടന്ന മാസ്റ്റേഴ്സ് കപ്പിലും വേൾഡ്,കോമൺ വെൽത്ത് മൽസരങ്ങളിലും ലിബാസ് ഇന്ത്യയ്ക്കായി മൽസരിച്ച് വെള്ളി മെഡലുകൾ സ്വന്തമാക്കിയിരുന്നു. ഇതിന് പിന്നാലെയാണ് ഇപ്പോൾ ഏഷ്യാ-പസഫിക്ക് മാസ്റ്റേഴ്സ് ഗെയിലും ലിബാസ് വെള്ളി മെഡൽ നേടിയിരിക്കുന്നത്.പരിക്കുകൾക്കിടയിലും മെഡൽ നേടി രാജ്യത്തിന് അഭിമാനമാകാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് ലിബാസ് പറഞ്ഞു.റിട്ടയേർഡ് ഫയർഫോഴ്സ് ഉദ്യോഗസ്ഥൻ തൊടുപുഴ വണ്ണപ്പുറം പഴേരി വീട്ടിൽ പി എച്ച് ബാവയുടെയും ലൈലയുടെയും മകളായ ലിബാസ് ചെറുപ്പം മുതലെ തന്നെ ഭാരോദ്വഹനത്തിൽ ലിബാസ് പങ്കെടുത്ത് മികവു തെളിയിച്ചിരുന്നു.കോളജ് വിദ്യാഭ്യാസ കാലഘട്ടം കൂടുതൽ ലിബാസ് ഭാരോദ്വഹനത്തിൽ കുടുതൽ ശ്രദ്ധകേന്ദ്രീകരിച്ചു തുടങ്ങി. തൊടുപുഴ ന്യൂമാൻ കോളേജിൽ ബിഎക്ക് പഠിക്കുമ്പോൾ കായികാധ്യാപകൻ ബെന്നിയാണ് ലിബാസിന് ഭാരോദ്വഹനത്തിൽ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുമെന്ന് തിരിച്ചറിഞ്ഞ് പ്രോൽസാഹിപ്പിച്ചത്.ചിട്ടയായ പരിശീലനവും അർപ്പണ മനോഭാവവും ഭാരോദ്വഹനത്തിൽ മികവ് തെളിയിക്കാൻ ലിബാസിന് സാധിച്ചു.യൂണിവേസ്റ്റി തലത്തിൽ നേട്ടങ്ങൾ സ്വന്തമാക്കിയ ലിബാസ് അവിടം കൊണ്ട് അവസാനീപ്പിക്കാതെ പിന്നീട് മാസ്റ്റേഴ്സ് തലത്തിലും മൽസരങ്ങളിൽ പങ്കെടുത്ത് വിജയം കൊയ്യാൻ തുടങ്ങി.ബിസിനസുകാരനും സിനിമാ നിർമാതാവുമായ ഭർത്താവ് താനൂർ സ്വദേശി സാദിഖ് അലിയും മക്കളായ ഹന്ന ഫാത്തിനും റിദ മിനാലും പുർണ്ണ പിന്തുണയുമായി ഒപ്പം നിന്നതോടെ ലിബാസിന് ഉയരങ്ങളിലേക്ക് കുതിക്കാൻ കരുത്തുകൂട്ടി.2007ൽ പവർ ലിഫ്റ്റിങ്ങിൽ ദേശീയ ചാമ്പ്യൻഷിപ് നേടിയിരുന്നു.2019ൽ നടന്ന ഏഷ്യൻ ക്ലാസിക് പവർ ലിഫ്റ്റിംഗ് ചാംപ്യൻഷിപ്പിൽ സ്വർണമെഡൽ നേടി




ലോക പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിന് യോഗ്യത നേടിയെങ്കിലും കൊവിഡ് വന്നതോടെ ആഫ്രിക്കയിൽ നടക്കാനിരുന്ന ചാമ്പ്യൻഷിപ്പ് ഉപേക്ഷിച്ചു.2020ലെ നാഷണൽ മാസ്റ്റേഴ്സ് ഗെയിംസിലും ലിബാസ് സ്വർണ മെഡൽ സ്വന്തമാക്കിയിരുന്നു.കഠിന പരിശീലനവുമായി ജിംനേഷ്യത്തിൽ ദിവസവും നാലു മണിക്കൂർ ലിബാസ ചിലവിടും.ആരോഗ്യപരിപാലത്തിന്റെ ഭാഗമായി ഇഷ്ടഭക്ഷണങ്ങൾ പലതും ഒഴിവാക്കി ചിട്ടയായ ആഹാരക്രമമാണ് ലിബാസിന്റേത്. 2024 പാരീസ് ഒളിമ്പിക്സിൽ ഇന്ത്യൻ കുപ്പായമണിഞ്ഞ് വെയിറ്റ് ലിഫ്റ്റിങിൽ തകർപ്പൻ പ്രകടനം കാഴ്ചവയ്ക്കുകയെന്നാണ് സ്വപ്നം. സ്വപ്നത്തിലേയ്ക്കുള്ള യാത്രയിൽ ഒട്ടും വിട്ടു വീഴ്ചയില്ലെന്നും ലിബാസ് പറയുന്നു.

## ഹജ്ജ് 2023 ഫ്ളൈറ്റ് ഷെഡ്യൂൾ



**കൊച്ചി:** കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഈ വർഷത്തെ ഹജ്ജ് കർമ്മത്തിന യാത്രയാകുന്ന ഹാജിമാരുടെ യാത്ര തിയ്യതി സംബന്ധിച്ച വിവരങ്ങൾ ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമായിത്തുടങ്ങി. കേരളത്തിൽ ഇത്തവണ മൂന്ന് എമ്പാർക്കേഷൻ പോയിന്റുകൾ ഉണ്ട്. ഹാജിമാർ അവരവരുടെ എമ്പാർക്കേഷൻ പോയിന്റിലാണ് എത്തേണ്ടത്.കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങിൽ നിന്ന് എയർ ഇന്ത്യ എക്സ്പ്രസ്സും, കൊച്ചിയിൽ നിന്ന് സൗദി എയർ ലൈൻസുമാണ് സർവീസ്സ് നടത്തുന്നത്. ഇനിയും വിമാന തിയ്യതി ലഭിക്കാത്തവർക്ക് തുടർന്നുള്ള ദിവസങ്ങളിൽ തിയ്യതി ലഭിക്കുമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്.ഹാജിമാർ എയർപോർട്ടിൽ അവരവരുടെ വിമാന തിയ്യതിക്കനുസരിച്ച് റിപ്പോർട്ട് ചെയ്യേണ്ട സമയം ഇതോടൊന്നിച്ച് ലഭ്യമാണ്. ആദ്യം എയർപോർട്ടിലെത്തി രജിസ്റ്റർ ചെയ്ത്, ലഗേജ് ചെക്ക് ഇൻ ചെയ്ത് എയർലൈൻസ് അധികൃതർക്ക് കൈമാറിയതിന് ശേഷമാണ് ഹജ്ജ് ക്യാമ്പിൽ എത്തേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് ഹജ്ജ് ട്രൈനർ/വളണ്ടിയർമാരുമായി ബന്ധപ്പെടാവുന്നതാണ്.

# ലളിത കലാ അക്കാദമി സംസ്ഥാന ദൃശ്യകല പ്രദർശനത്തിന് ഇന്ന് തുടക്കം



**കൊച്ചി:** കേരള ലളിത കലാ അക്കാദമി സംഘടിപ്പിക്കുന്ന സംസ്ഥാന ദൃശ്യകലാ പ്രദർശനത്തിന് ഇന്ന് തുടക്കമാകും. എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ടിൽ വൈകിട്ട് അഞ്ചിന് നടക്കുന്ന ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി പി രാജീവ് പ്രദർശനം ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ലളിത കലാ അക്കാദമിയുടെ 202223ലെ ഫെല്ലോഷിപ്പുകളും സംസ്ഥാന ദൃശ്യകലാ പുരസ്കാരങ്ങളും സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ വിജയികൾക്ക് സമർപ്പിക്കും. 271 കലാകാരരുടെ 374 കലാസൃഷ്ടികൾ പ്രദർശനത്തിലുണ്ടാകും. എറണാകുളം ദർബാർ ഹാൾ കലാ കേന്ദ്രം, ഫോർട്ട് കൊച്ചി പെപ്പർ ഹൗസ്, കോഴിക്കോട് അക്കാദമി ആർട്ട് ഗാലറി, കായംകുളം ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം ആന്റ് ആർട്ട് ഗാലറി എന്നിവിടങ്ങളിലാണ് പ്രദർശനം നടക്കുക. 861 കലാകാരരുടെ 3519 സൃഷ്ടികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവയാണ് പ്രദർശിപ്പിക്കുക. ഉദ്ഘാടന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ ആർട്ടിസ്റ്റ് നമ്പൂതിരിയെ ആദരിക്കും. ബാംഗ്ലൂർ കേന്ദ്രീകരിച്ച് കലാപ്രവർത്തനം നടത്തിവരുന്ന മലയാളിയായ പ്രഭാവതി മേപ്പയിൽ, വഡോദരയിലും ലണ്ടനിലുമായി കലാപ്രവർത്തനം തുടരുന്ന തിരുവനന്തപുരം സ്വദേശിയായ ഷിബു നടേശൻ എന്നിവർക്ക് അക്കാദമി ഫെലോഷിപ്പുകൾ സമ്മാനിക്കും. ഇരുവരും നിരവധി അന്തരാഷ്ട്ര കലാപ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.സംസ്ഥാന പുരസ്കാരജേതാക്കൾ: ആമീൻ ഖലീൽ, പ്രകാശൻ കെ എസ്, ഷാൻ കെ ആർ, ശ്രീജ പള്ളം, ശ്രീനാഥ് കെ എസ് (ചിത്രം, ശിൽപം, ന്യൂ മീഡിയ, ഡ്രോയിങ്ങ്); അനു ജോൺ ഡേവിഡ് (ഫോട്ടോഗ്രഫി); കെ ഉണ്ണികൃഷ്ണൻ (കാർട്ടൂൺ).സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറി മിനി ആന്റണി ഉദ്ഘാടന ചടങ്ങിൽ പ്രദർശനത്തിന്റെ കാറ്റലോഗ് പ്രകാശനം ചെയ്യും. കൊച്ചി മേയർ അനിൽകുമാർ, എഴുത്തുകാരൻ ടി ഡി രാമകൃഷ്ണൻ എന്നിവർ മുഖ്യാതിഥികളായിരിക്കും. ചടങ്ങിനോടനുബന്ധിച്ച് വൈകിട്ട് 4 മണിക്ക് ആർ എൽ വി വിജയകൃഷ്ണന്റെ നേതൃത്വത്തിൽ പഞ്ചാരിമേളവും 6 മണിക്ക് ശങ്ക ട്രൈബ് അവതരിപ്പിക്കുന്ന സംഗീതപരിപാടിയും നടക്കും.പ്രദർശനം ജൂൺ 28 വരെ നീണ്ടുനിൽക്കും.

